# ഉദ്ദീപ്തം

LITTLE FLOWER HIGH SCHOOL
CHEMMALAMATTOM
LEAD KINDLY LIGHT



## എൽ.എഫ്.എച്ച്.എസ്. ചെമ്മലമറ്റം

ഒരു ലിറ്റിൽ കൈറ്റ് സംരംഭം

# ഉദ്ദീപ്തം

## ഡിജിറ്റൽ മാഗസിൻ 2018-2019




# എൽ.എഫ്.എച്ച്.എസ്.ചെമ്മലമറ്റം

## പേജുകളിലൂടെ


എഡിറ്റോറിയൽ........................................................................................................5
സ്കൂൾ ചരിത്രം........................................................................................................6
ഗാന്ധിജി ഇന്ന്........................................................................................................7
കഴുകന്റെ കണ്ണും നഖങ്ങളും........................................................................................9
യാത്രാവിവരണം......................................................................................................11
വിദ്യാഭ്യാസത്തിൻെറ വികലമായ മാനങ്ങൾ....................................................................14
കാലം മായ്ച്ച അനാഥ ബാല്യങ്ങൾ.................................................................................16
സൗഹൃദം ജീവിതസ്വത്ത്............................................................................................18
മൊബൈലും ഇന്റർനെറ്റും...........................................................................................19
ഓഖി......................................................................................................................20
മഴവെള്ളത്തെ പറമ്പിലേയിക്ക് ക്ഷണിക്കാം....................................................................22
മാവിൻെറ അവകാശി................................................................................................24
ചെമ്മലമറ്റം സ്കൂൾ വിദ്യാർത്ഥികൾ ഐ.എസ്. ആർ. ഒ. ശാസ്ത്രജ്ഞൻ ശ്രീ. ജോർജ്ജ് റീമാൻ സി. മാത്യുവുമായി നടത്തിയ അഭിമുഖം...............................................................................26
ഈ നാടും കടന്ന് .....................................................................................................27
ചേരിയുടെ വീഥിയിലൂടെ ഒരാൾ...................................................................................29
പവിഴ തത്ത............................................................................................................31
പൗരബോധവും ധാർമികതയും.....................................................................................32
നന്മയുടെ ലോകം.....................................................................................................33
സൈബർ കുറ്റകൃത്യങ്ങൾ...........................................................................................34
നന്മയുടെ തേരിൽ....................................................................................................36
ദീപങ്ങൾ................................................................................................................37
കുസൃതി ചോദ്യങ്ങൾ.................................................................................................38
ജലത്തിൻെറ ഇന്ദ്രജാലം ............................................................................................39
ഗണിതകവിത..........................................................................................................40
എല്ലാം എനിയ്ക്കെന്റെ അമ്മ........................................................................................41
കിട്ടൻ വണ്ടും ചിലന്തി വീടും......................................................................................42
ഓലക്കട.................................................................................................................43
മഴ.........................................................................................................................45
ശുദ്ധജലത്തിന്റെ ഉറവിടം..........................................................................................46
പെരിയാർ തന്നെ വലിയവൻ.......................................................................................47
പങ്കിടുക.................................................................................................................48
ഇടവപ്പാതികൾ........................................................................................................50
കല്ലേൻ പൊക്കുടൻ..................................................................................................55
എൻെറ വിദ്യാലയം...................................................................................................56
കഴുതയുടെ ബുദ്ധി...................................................................................................57
രണ്ടു കൂട്ടുകാർ.........................................................................................................58
പൊതുവിജ്ഞാനം......................................................................................................59


# എഡിറ്റോറിയൽ

വിജ്ഞാനം സമാർജ്ജിക്കുക മനുഷ്യവ്യക്തിയെ സംബന്ധിച്ചിടത്തോളം അപരിത്യാജ്യമായ കാര്യമാണ്. ഈ അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം ആർജ്ജിക്കേണ്ടതാണെന്ന തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ മാറ്റി മറിച്ചു. വിവരവിനിമയ സാങ്കേതികവിദ്യ ആ രംഗത്ത് വിസ്ഫോടനങ്ങൾ തന്നെ സൃഷ്ടിച്ചിരിക്കുന്നു.ഈ സാങ്കേതികവിദ്യകൾ കരഗതമാക്കുന്നതിനും , അങ്ങനെ പ്രായോഗിക ജീവിതത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി വിദ്യാലയങ്ങളിൽ ആരംഭിച്ച പദ്ധതിയാണ് **'ലിറ്റിൽ കൈറ്റ്സ് '**. കമ്പ്യൂട്ടറിൽ വിവരങ്ങൾ ശേഖരിക്കാനും അവ പങ്കുവയ്ക്കാനും ഭാഷ കമ്പ്യൂട്ടിങ്ങിൽ അവബോധം നേടേണ്ടിയിരിക്കുന്നു. അക്ഷരനിവേശനത്തിന്റെ ആധുനികരൂപങ്ങളിൽ അവഗാഹം നേടുന്നതിനു വേണ്ടി, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ

## ഡിജിറ്റൽ മാഗസിൻ - "ഉദ്ദീപ്തം"

നിങ്ങൾക്കായി സമർപ്പിക്കുന്നു.

# എഡിറ്റോറിയൽ ബോർഡ്



സോണിയ പോൾ

ബിജി സെബാസ്റ്റ്യൻ

ദീപ ജോർജ്

അഭിജിത്ത് മധു

രാഹുൽ പി ആർ

അഞ്ജു ജോർജ്

ആൻമരിയ ജോസ്

## സ്കൂൾ ചരിത്രം.

1926-ൽ അന്നത്തെ ചെമ്മലമററം പള്ളി വികാരിയായിരുന്ന പറയിടത്തിൽ ബ.യൗസേപ്പച്ചന്റെ നേതൃത്ത്വത്തിൽ നടത്തിയ ശ്രമത്തിന്റെ ഫലമായി ചെമ്മലമറ്റത്ത് ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു. ആദ്യ ഹെഡ്മാസ്റ്ററായി ശ്രീ. പി.എം. പോത്തൻ നിയമിതനായി. 1976 മെയ് മാസം ഒന്നാം തീയതി ലിററിൽ ഫ്ളവർ എൽ.പി. സ്കൂളിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചു. 1979 ജനുവരി 24 നാണ് എൽ.പി.സ്കൂൾ, യു.പി.സ്കൂൾ ആയി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് ലഭിക്കുന്നത്. അന്ന് സ്കൂൾ മാനേജർ പടന്നമാക്കൽ ബ.ജോസഫ് അച്ചനായിരുന്നു. വെട്ടിക്കൽ ബ. തോമസച്ചൻ സ്കൂൾ മാനേജരായിരുന്ന കാലത്ത്, 1983 ജൂണിൽ, ഈ സ്കൂളിനെ ഹൈസ്കൂളായി ഉയർത്തിക്കൊണ്ടുള്ള ഉത്തരവ് ലഭിച്ചു. ഹൈസ്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്ററായി ശ്രീ.എൻ. പി.ജോസഫ് നെല്ലുവേലിൽ നിയമിതനായി. ഹൈസ്കൂളിന്റെ ഉദ്ഘാടനം അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ. റ്റി.എം.ജേക്കബ് നിർവ്വഹിച്ചു. 1986 മാർച്ചിൽ പ്രഥമ ബാച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതി. നൂറു ശതമാനമായിരുന്നു വിജയം. ഹൈസ്കൂളായി ഉയർത്തിയിട്ട് മുപ്പത്തീയാറ് വർഷം പൂർത്തിയാക്കിയ ഈ സ്കൂൾ 2007-2008 അദ്ധ്യയന വർഷത്തിൽ വിവിധ പരിപാടികളോട്ടുകൂടി രജത ജൂബിലി ആഘോഷിച്ചു.

# ഗാന്ധിജി ഇന്ന്

ഷെറിൻ ബേബി

ഇരുളടഞ്ഞ യുഗങ്ങൾക്കിടയിൽ ചുരുക്കം ചില ദിവ്യജ്യോതിസ്സുകൾ വന്നുദിക്കാറുണ്ട്. അവയുടെ പ്രകാശം ഒരിക്കലും അസ്തമിക്കാറില്ല. മേഘപാളികൾ കൊണ്ട് ഇടയ്ക്കിടെ മറഞ്ഞാലും അവ വീണ്ടും തെളിഞ്ഞു കാണും. അത്തരത്തിൽ ഒരു ദിവ്യജ്യോതിസ്സാണ് മഹാത്മാ ഗാന്ധി.

അഹിംസാ സിദ്ധാന്തത്തിലൂടെ ഒരു രാഷ്ട്രത്തിന്റെ തന്നെ ചരിത്രം മാറ്റിയെഴുതിയ യുഗപുരുഷനാണ് ഗാന്ധിജി. സേവനത്തിന്റെയും ത്യാഗത്തിന്റെയും ക്ഷമയുടെയും മാർഗങ്ങൾ ഇന്ത്യൻ ജനതയ്ക്ക് കാണിച്ചു കൊടുത്തു കൊണ്ട് നന്മയുടെ പാതയിൽ ഇന്ത്യയെ നയിച്ച ബാപ്പുജിയേയും അദ്ദേഹത്തിന്റെ ആദർശങ്ങളേയും ഇന്നു നാം വിസ്മരിക്കുകയാണ്.

വിജ്ഞാനം വിരൽത്തുമ്പിലെത്തുന്ന ഈ ആധുനിക യുഗത്തിൽ അഹിംസയും ക്ഷമയുമെല്ലാം വിലയില്ലാത്ത, തൃണതുല്യമായ ഒന്നായി മാറിക്കൊണ്ടിരിക്കുന്നു. അധർമവും അനീതിയും കൊടികുത്തി വാഴുമ്പോൾ ഗാന്ധിജിയും ഗാന്ധിയൻ ആദർശങ്ങളുമൊക്കെ മറവിയുടെ കാണാക്കയങ്ങളിലേയ്ക്കു വീണിരിക്കുന്നു.

ഭാരതത്തിന്റെ ഭാവി ശോഭനമാകണമെങ്കിൽ ഗാന്ധിയൻ തത്ത്വങ്ങൾ അംഗീകരിക്കുന്ന, പിൻതുടരുന്ന പുതുതലമുറ വളർന്നു വരേണ്ടിയിരിക്കുന്നു. സത്യവും, അഹിംസയും ജീവിതാദർശങ്ങളാക്കിയ ഒരു തലമുറയുടെ നിർമ്മാണത്തിനായി നമുക്ക് പരിശ്രമിക്കാം.

# കഴുകന്റെ കണ്ണും നഖങ്ങളും

ലക്ഷ്മി ജിജി, 8 D

ആഴ്ന്നിറങ്ങുന്ന കാലചക്രത്തിൻ നെഞ്ചിൽ
കഴുകന്റെ കണ്ണും നഖങ്ങളും.
കൂർത്ത ചുണ്ടുകൾ കൊത്തിപ്പറിക്കുന്നു;
മാംസദാഹം മണക്കും വടുക്കളിൽ.
ചോരചിന്തി മുറിഞ്ഞ ഹൃദയത്തിൻ
നേർത്ത തേങ്ങലിൻ മീതെ നിൻ ചിറകടി.
ഘോരഘോരം മുഴങ്ങുമ്പോൾ, താങ്ങുവാൻ
കാലം കാത്ത കരുത്തെല്ലാം ചോർന്നുപോയ്.



അമ്മ നെഞ്ചോട് ചേർത്ത പെൺകിടാവല്ലേ....!
നീയുഗ്രമാം നഖം കോർത്തു വലിച്ചവൾ,
മാനം പോയ്,മുഖം പൊത്തി വിതുമ്പുന്നു....!
കെട്ടക്കാലമേ നിനക്കേതും നെറിയില്ലേ..?
പെട്ടുപോയ് നരൻ വേരറ്റ ധർമ്മത്തി-
നഗ്രക്രോധം നരയ്ക്കും വിഷത്തണൽ.

മെത്തയിൽ ലോഭമോഹം മദിക്കുന്നു.
കുഞ്ഞുപൂവിതൾ തല്ലിക്കൊഴിച്ച നിൻ
കൂർത്ത ചുണ്ടും നഖങ്ങളുമാഴുമ്പോൾ,
ആർത്തനല്ല നീ, പശ്ചാത്തപിക്കുവാൻ
പാപിയായ നീയേതും തുനിഞ്ഞില്ല.
അമ്മ നെഞ്ചോട് ചേർത്ത പെൺകിടാവല്ലേ
കെട്ടകാലത്തിൻ കനൽവഴി താണ്ടുന്നു.

ഉള്ളിൽ ചുടല കത്തുന്ന തീയാണ്, കാറ്റാണ്
കരൾ നീറുന്ന നൊമ്പരപ്പെയ്ത്താണ്.
ചിതലരിച്ചിട്ട സ്വപ്നങ്ങളിൽ നിന്നവൾ
കലിയടങ്ങാതെ ചുടലയക്ഷിയായ് നിന്റെ
കണ്ണും നഖങ്ങളും ചൂഴ്ന്നെടുത്തീ-
ശാപാഗ്നിയിൽ നിന്റെ ചിറകരിഞ്ഞ
ഉറവ പൊട്ടുന്ന ഗദ്ഗദമാണുള്ളിലോർത്തീടുകീ-
കെട്ടകാലമേ, നിന്റെ വേരറ്റു
പോകട്ടെയീമണ്ണിലെന്നേക്കും

# യാത്രാവിവരണം

റോഷ്ന കെ.ആർ.

ഞങ്ങൾ എല്ലാവരും ഒരുപാട് ദിവസമായി കൊതിച്ചിരുന്ന ദിവസം, ജനുവരി 16. അന്നാണ് ഞങ്ങൾ പഠന-വിനോദ യാത്ര പോകുന്നത്. ദിവസങ്ങൾക്ക് മുമ്പേ തന്നെ അതിനുള്ള ഒരുക്കങ്ങളെല്ലാം ഞങ്ങളുടെ അധ്യാപകരുടെ നേതൃത്വത്തിൽ നടത്തി. എറണാകുളത്തെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ ആണ് ഞങ്ങൾ തീരുമാനിച്ചിരുന്നത്.

അങ്ങനെ ജനുവരി 16 ന് രാവിലെ 6 മണിക്ക് ഞങ്ങളെല്ലാവരും സ്കൂളിൽ എത്തുകയും 6.15 ആയപ്പോഴേക്കും രണ്ട് ബസിന് ഞങ്ങൾ എറണാകുളത്തേക്ക് യാത്രപുറപ്പെട്ടു. ഒത്തിരി സന്തോഷത്തോടെയും ആവേശത്തോടെയും ആടിയും പാടിയും ഞങ്ങൾ പഠന -വിനോദ യാത്ര ആരംഭിച്ചു. എട്ടു മണി ആയപ്പോഴേക്കും മൂവാറ്റുപുഴയിൽ എത്തി. അവിടെ ഒരു സ്കൂളിൽ ഞങ്ങൾക്ക് കാപ്പികുടിക്കാൻ സൗകര്യമൊരുക്കിയിരുന്നു. കാപ്പി കുടിച്ചതിനുശേഷം അവിടെനിന്നും മെട്രോ ട്രെയിനിൽ കയറാനാണ് യാത്രപുറപ്പെട്ടത്. ആലുവയിൽ നിന്നാണ് മെട്രോ ട്രെയിനിൽ കയറേണ്ടത്. കൃത്യം 9.15 ആയപ്പോൾ ആലുവയിലെത്തി. മനസ്സിൽ ഒരുപാട് സന്തോഷം തോന്നിയ നിമിഷം. ആദ്യമായി മെട്രോയിൽ കയറുന്നതിന് സന്തോഷവും അങ്കലാപ്പും എല്ലാം ഞങ്ങൾക്കുണ്ടായിരുന്നു. അധ്യാപകർ ടിക്കറ്റ് കാര്യങ്ങളെല്ലാം ശരിയാക്കി, ചെക്കിംഗ് എല്ലാം പൂർത്തിയാക്കി ഞങ്ങൾ മെട്രോ ട്രെയിനിൽ കയറി. ട്രെയിൻ നീങ്ങി തുടങ്ങിയതോടെ എല്ലാവർക്കും

ആവേശമായി. അത് മറക്കാൻ പറ്റാത്ത ഒരു അനുഭവം ആയി. ഏകദേശം 20 മിനിറ്റ് നീളുന്ന യാത്ര ഇടപ്പള്ളിയിൽ അവസാനിക്കുമ്പോൾ ഇനിയും യാത്ര ചെയ്യണമെന്ന ആഗ്രഹത്തോടെ ഞങ്ങൾ അവിടെ ഇറങ്ങി.

അവിടെനിന്നും എറണാകുളത്തെ ഏറ്റവും വലിയ ഷോപ്പിംഗ് മാളായ ലുലു മാളിൽ കയറാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. വളരെ രസകരമായിരുന്നു മാളിനകത്ത് കൂടിയുള്ള യാത്ര. ഏകദേശം 10 30 കഴിഞ്ഞപ്പോൾ ഇടപ്പള്ളി പള്ളി സന്ദർശിക്കാൻ പോയി. വലിയപള്ളി, ചിലർ ആദ്യമായി വരുന്നവർ..... അവർക്ക് പള്ളിക്ക് അകം കണ്ടപ്പോൾ അൽഭുതമായി. കുറച്ചുസമയം അവിടെ ചെലവഴിച്ചു. അവിടെനിന്ന് വല്ലാർപാടം ലക്ഷ്യമാക്കി നീങ്ങി. പോകുന്ന വഴിയിൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ധാരാളം ബോട്ടുകൾ, ചെറിയ കപ്പലുകൾ എന്നിവയെല്ലാം കണ്ട്, ഏകദേശം 12.15 ആയപ്പോളേക്കും വല്ലാർപാടം പള്ളിയിൽ എത്തിച്ചേർന്നു. ഞങ്ങൾക്ക് അവിടെ ഒരു ഹോട്ടലിൽ ഭക്ഷണം അറേഞ്ച് ചെയ്തിരുന്നു.

ഭക്ഷണത്തിനുശേഷം പള്ളി എല്ലാം സന്ദർശിച്ച് 2. 15 ആയപ്പോൾ എല്ലാവരും വാഹനത്തിൽ കയറി. അവിടെനിന്നും 15 മിനിറ്റ് നേരത്തെ യാത്ര ഞങ്ങൾ വൈപ്പിൻ ബീച്ചിൽ എത്തിച്ചേർന്നു. വളരെ വിശാലമായ ബീച്ച്. വെള്ളത്തിൽ ഇറങ്ങാൻ സാധിച്ചില്ലെങ്കിലും തിരമാലകളെ നോക്കിനിൽക്കാൻ വളരെ രസമായിരുന്നു. കടപ്പുറത്ത് കൂടി ഞങ്ങൾ കളിച്ചും ചിരിച്ചും ആടിയും പാടിയും നടന്നു. അതിനുശേഷം ഐസ്ക്രീമും കഴിച്ച് ആണ് ഞങ്ങൾ വാഹനത്തിൽ കയറിയത്. അവിടെനിന്ന് കുട്ടികളുടെ പാർക്കിലേക്കാണ് യാത്രതിരിച്ചത്. ഏകദേശം 3. 45 ന് അവിടെ

എത്തിച്ചേർന്നു. ഞങ്ങൾക്ക് കളിക്കാൻ അവിടെ ധാരാളം റൈഡുകൾ ഉണ്ടായിരുന്നു. എല്ലാവരും പാർക്കിലൂടെ ഓടിച്ചാടികളിച്ചു. അവസാനം കുറച്ച് ഷോപ്പിങ്ങും നടത്തി 6.15 കഴിഞ്ഞപ്പോൾ ഞങ്ങൾ തിരിച്ച് വാഹനത്തിൽ കയറി.

7.30 ആയപ്പോൾ അത്താഴം കഴിച്ച് തിരിച്ച് സ്കൂളിലേക്കുള്ള യാത്ര ആരംഭിച്ചു. ടൗണിൽ കുറച്ച് തിരക്ക് ആയതിനാലാണ് അത്രയും താമസം വന്നത്. ബസ്സിൽ ഒരു നല്ല സിനിമയും കണ്ട് ഞങ്ങൾ സ്കൂളിലേക്കു തിരിച്ചു. പത്ത് മണിയായപ്പോൾ ഞങ്ങൾ സ്കൂളിലെത്തി. ഞങ്ങളുടെ മാതാപിതാക്കൾ ഞങ്ങളെ നോക്കി സ്കൂളിൽ നിൽപ്പുണ്ടായിരുന്നു. അവരുടെ കൂടെ അന്നത്തെ യാത്രയുടെ വിശേഷങ്ങളെല്ലാം പങ്കുവെച്ച് വീട്ടിലേക്ക് ഞങ്ങൾ പോയി.

ഞങ്ങളുടെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു ദിവസം തന്നെയായിരുന്നു ഇന്ന്. ഞങ്ങളുടെ അധ്യാപകർക്കൊപ്പം വളരെ സന്തോഷത്തോടെ കഴിഞ്ഞ ഈ ദിവസത്തെ ഞങ്ങളുടെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ദിവസം ആയി തന്നെ ഞാൻ കണക്കാക്കുന്നു. ഇനിയും എൻെറ ജീവിതത്തിൽ ഇതുപോലുള്ള യാത്രകൾ ലഭിക്കണമെന്നും ഈ യാത്രയ്ക്ക് അവസരം തന്ന മാതാപിതാക്കളോടും ഞങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകരോടും സർവ്വോപരി ഞങ്ങളെ ഇന്നത്തെ ദിവസം കാത്തു സംരക്ഷിച്ച ദൈവത്തോട് നന്ദിപറഞ്ഞുകൊണ്ടും യാത്രാവിവരണം അവസാനിപ്പിക്കുന്നു.

# വിദ്യാഭ്യാസത്തിൻെറ വികലമായ മാനങ്ങൾ

പ്രിയ സുബിൻ
സമൂഹിക ശാസ്ത്രം

"മുഖംകാട്ടുന്ന കണ്ണാടി
യെത്രനന്നെന്നിരിക്കലു-
മകം കാട്ടില്ല നിശ്ചയം"

- കുഞ്ഞുണ്ണിമാഷ്

മുഖം കാട്ടുന്ന കണ്ണാടി മനുഷ്യമനസ്സ് കാട്ടുകയില്ല. മഖം മൂടി ധരിച്ചാൽ കണ്ണാടിയും മുഖം കാട്ടില്ല.ശരിയായ അകം കാണണമെങ്കിൽ അകകണ്ണ് ഉറക്കണം അകക്കണ്ണുഉറപ്പിക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വയ്ക്കുന്നത്

വിദ്യാഭ്യാസം ലക്ഷ്യംവയ്ക്കേണ്ടത് മനുഷ്യമസ്തിഷ്കത്തിന്റെ ഒപ്പം മനസ്സിന്റെ ഹൃദയവത്കരണവുമാണ് ബുദ്ധി അറിവ് പ്രദാനം ചെയ്യും എന്നാൽ നെറിവുണ്ടാകുന്നത് ഹൃദയത്തിൽ നിന്നാണ്. വിവേകവും വിവരവുമൊക്കെ ബുദ്ധിയുടെയും മനസ്സിന്റെയും കൂട്ടായ പ്രവർത്തനമാണ്. അറിവിനോപ്പം നെറിവും, വിവരവുമൊക്കെ കുട്ടികൾക്ക് ലഭ്യക്കത്തക്കസാഹതര്യമാണ് വിദ്യാഭ്യാസം ഒരുക്കേണ്ടത്. മതിലുകൾ തിർക്കുകയും, അച്ചിലിട്ടുവാർക്കുകയും ചെയ്യുന്ന വിദ്യാഭ്യാസരിതിയുമാണ് മാറേണ്ടത്. കിനന്റർ ഗാർട്ടണിലോ അതിനു മുമ്പോ ആരംഭിച്ച് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്തിച്ച് പുറത്തുറക്കുന്നഉത്പതനം. ഈ പ്രക്രിയായിൽ മനുഷ്യത്വം നഷ്ടപ്പെടുന്ന യാന്ത്രമനുഷ്യനായിപുറത്തുവരുന്നു. ഈ പ്രക്രിയാക്ക് മാറ്റം വരുമെന്ന പ്രതീക്ഷയോടെ

# കാലം മായ്ച്ച അനാഥ ബാല്യങ്ങൾ

ഡിയോണ ആൽബി 8 C

സാർ..... ഞാനതു ചെയ്തിട്ടില്ല. എന്നെ വിശ്വസിക്കു ...... അവൾ ഏങ്ങി ഏങ്ങി കരഞ്ഞു. ക്ലേശങ്ങളുടെ തീരാക്കടൽ അവൾക്ക് അന്യമായിരുന്നില്ല. ഹോസ്റ്റലിന്റെ നാലു ചുവരുകൾക്കുള്ളിൽ എന്നും ഏകാന്തത മാത്രം. ദുഃഖങ്ങൾ അവൾക്ക് സന്തത സഹചാരിയായി മാറിയിരുന്നു. പിടിച്ചുയർത്താൻ ഒരു കൈ പോലുമുണ്ടായിരുന്നില്ല. വിമർശനങ്ങളുടെ അടച്ചിട്ട കൂട്ടിൽനിന്നും സ്വതന്ത്രയാവാൻ അവളുടെ മനം തുടിച്ചു. ഹോസ്റ്റൽ വാർഡന്റെ ശകാരവചസ്സുകൾ അവിടം മുഴുവൻ മാറ്റൊലികൊണ്ടു. അവൾ തന്റെ ബാഗുമെടുത്ത് പടിയിറങ്ങി. ആവോളം നൊമ്പരങ്ങൾ നല്കിയ ഹോസ്റ്റൽ മുറികളെ അവൾ തിരിഞ്ഞു നോക്കി.താൻ എന്നും ഭക്ഷണത്തിന്റെ പങ്കുനൽകിയിരുന്ന സന്ധ്യക്കിളി മാത്രം കരഞ്ഞു. മറ്റുള്ളവരുടെ മുഖത്തു നിറഞ്ഞിരിക്കുന്നത് ദേഷ്യമാണോ ? അതോ പുച്ഛമാണോ ? അവൾക്കു തിരിച്ചറിയാനായില്ല. കണ്ണിൽ നിന്നും ധാരയായി ഒഴുകിയിരുന്ന അശ്രുകണങ്ങൾ അവൾ തുടച്ചു നീക്കി.

എന്തു ചെയ്യണമെന്നോ എങ്ങോട്ടു പോകണമെന്നോ അറിയില്ല. സൂര്യ കിരണങ്ങൾ അസ്തമിച്ചു.മിന്നി മറയുന്ന താരാഗണങ്ങളുടെ ഇത്തിരി വെട്ടത്തിൽ ചേരിയുടെ വീഥിയിലൂടെ
തട്ടി വീണും ഓടിയും അവൾ നടന്നു നീങ്ങി.ഭക്ഷണം കഴിച്ചിട്ടു മൂന്നു ദിവസമായി.ഊർജ്ജം ചോർന്നു പോകുന്നതായി അവൾക്കു തോന്നി.കണ്ണുകൾ അടഞ്ഞു .കൊഴിഞ്ഞു വീഴുന്ന പൂവിതൾ പോലെ ചേരിയുടെ മധ്യത്തിലേയ്ക്ക് അവൾ അടർന്നു വീണു.

വെയിലിന്റെ പൊൻകണങ്ങൾ ജനാലപ്പാളികളുടെ അതിർത്തി കടന്ന് അവളുടെ മുഖത്തേയ്ക്ക് അതിക്രമിച്ചു കടന്നു.അവളുടെ കണ്ണുകളെ അവൾക്കു വിശ്വസിക്കാനായില്ല.വർണ്ണാഭമായി അലങ്കരിച്ച ഒരു മാളിക മുറിയിൽ പട്ടു മെത്തയിൽ താൻ കിടക്കുന്നു.കണ്ണു തിരുമ്മി അവൾ എഴുന്നേറ്റു.പാതി അടഞ്ഞു കിടന്ന വാതിൽ തട്ടിത്തുറന്ന് അവൾ വിശാലതയിലേയ്ക്ക് ഇറങ്ങി.വിമർശനങ്ങളില്ലാത്ത ഒരു ലോകത്തിൽ താൻ എത്തപ്പെട്ടിരുന്നെങ്കിലെന്ന് അവൾ ആശിച്ചു.ജനൽപ്പാളികളിലൂടെ അവൾ കണ്ടു...നയന മനോഹരമായ പൂങ്കാവനത്തിന്റെ സുന്ദര ദൃശ്യം. പുറകിൽ ആരുടേയോ കാൽപെരുമാറ്റം ശ്രദ്ധിച്ച അവൾ തിരിഞ്ഞുനോക്കി. വളരെ സുന്ദരിയായ യുവതി. ആ സ്ത്രീയെ ഒരു നോക്കു കണ്ടപ്പോൾ ഏതോ ഒരു അദൃശ്യ ശക്തി തന്നെ അവരിലേക്ക് അടുപ്പിക്കുന്നതായി അവൾക്ക് തോന്നി. അവൾ ചോദിച്ചു "അങ്ങ് എന്റെ

അമ്മയാണോ ?" പക്ഷേ അതിന് അനീറ്റ എന്ന ആ യുവതി പറഞ്ഞത് അവളുടെ ജീവിത കഥയായിരുന്നു. പാർക്കിൽ വച്ച് അവളെപോലുള്ള തന്റെ മകളെ നഷ്ടമായതും, തന്റെ ഭർത്താവ് അതിന്റെ ദുഃഖത്തിൽ ആത്മഹത്യ ചെയ്തതും. അതിനു സമാനമായ കദനകഥ നിർമ്മല എന്ന ആ പെൺകുട്ടിയുടേയും.

ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കൊഴിഞ്ഞു വീണു. പന്ത്രണ്ട് വർഷങ്ങൾക്കു ശേഷം ഇല്ലിമൂട്ടിൽ ഒരു പ്രഭാഷണം നടക്കുകയാണ്. എം.എൽ. എ. ആണ് മുഖ്യാഥിതി. നിര്മ്മല ടീച്ചർ തന്റെ യഥാർത്ഥ അമ്മയായ അനീറ്റയെ കണ്ടുമുട്ടിയതും, കിളിക്കൂട് എന്ന അനാഥ മന്ദിരം പത്തുവർഷമായി നടത്തുന്നതും ഇപ്പോഴുള്ള മുന്നൂറുകുട്ടികളേയും കുറിച്ച് ആനന്ദബാഷ്പത്താൽ അവസാനിപ്പിച്ചു. ജനക്കൂട്ടത്തിൽ നിന്നും ഹർഷാരവങ്ങളുയർന്നു. നിർമ്മല ടീച്ചറെ കാണാൻ ആകാശ വിധാനത്തിൽ നിന്നും മഴത്തുള്ളികളും പാഞ്ഞടുത്തു. വേദിയുടെ ഒരു കോണിൽ ഒരു വൃദ്ധൻ കണ്ണുനീർ തുടയ്ക്കുന്നതായി അവൾ കണ്ടു. അവളുടെ കണ്ണുകളെ അവൾക്ക് വിശ്വസിക്കാനായില്ല. അതെ അത് അവളുടെ പണ്ടത്തെ ഹോസ്റ്റൽ വാർഡനായിരുന്നു. തിരക്കെല്ലാം ഒഴിഞ്ഞതിനുശേഷം ആ വൃദ്ധന്റെ അടുക്കലേക്ക് അവൾ ഓടിയെത്തി. അവളെ കണ്ടയുടൻ വാർഡൻ അവളുടെ കാലിൽ വീണു. എന്നാൽ അവൾ പണ്ടേ അയാളോടു ക്ഷമിച്ചിരുന്നു. അവൾ അദ്ദേഹ
ത്തെ കിളിക്കൂട്ടിലെ അംഗമായി സ്വീകരിച്ചു. ഇന്നും അവൾ തിരയുകയാണ് കാലം മായ്ച്ചു കളഞ്ഞ അനാഥബാല്യങ്ങളെ; വാനിലെ നക്ഷത്രങ്ങളുടെ അകമ്പടിയോടെ.......

# സൗഹൃദം ജീവിതസ്വത്ത്

ആഷ്‌ലിൻ സിബി 8 c

സമൂഹജീവിയായ മനുഷ്യന്റെ ഒരു ആവശ്യഘടകമാണ് സൗഹൃദം. ഏകനായി ജീവിക്കാൻ മനുഷ്യന് കഴിയില്ല. ജീവിതമാകുന്ന പുഷ്പത്തിലെ സുഗന്ധംപോലെയാണ് സൗഹൃദം. സ്നേഹിക്കപ്പെടാനുമുള്ള മനുഷ്യന്റെ ആഗ്രഹം ജന്മസിദ്ധമാണ്. "സമ്പത്തോ സൗകര്യങ്ങളോ അല്ല,സ്നേഹമാണ് മനുഷ്യന് ജിവിക്കാൻവേണ്ടത്"എന്ന് ടോൾസോറ്റായി പറയുന്നു. എല്ലാവരെടും സൗഹൃദഭാവം പുലർത്താൻ നമ്മുക്കാവില്ല. പക്ഷേ എല്ലാവരെടും സൗഹൃദഭാവം പുലർത്താൻ നാം ശ്രമിക്കണം.


ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നൊരു ചൊല്ലുണ്ട്.നാം നമ്മുടെ കുറ്റങ്ങളും കുറവുകളും കണ്ട് അവ പരിഹരിക്കുന്നതിനാണല്ലോ നാം കണ്ണാടി ഉപയോഗിക്കുന്നത്.നമ്മുടെ സുഹൃത്ത് ചെയ്യുന്നതും അതാണ്.നമ്മുടെ തെറ്റുകൾ നമ്മുക്ക് ചൂണ്ടിക്കാണിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്.നല്ല സുഹൃത്തുക്കൾ ഉള്ളവർ ഭാഗ്യവാന്മാർ ആണ്

ചീത്തക്കൂട്ടുക്കെട്ടുകൾ വലിയ ദോഷം ചെയ്യും എന്ന് നമ്മുക്ക് അറിയാം. വലിയ അക്രമങ്ങളും കള്ളത്തരങ്ങളും ഉണ്ടാകുന്നത് മിക്കപ്പോഴും ചീത്തകൂട്ടുക്കെട്ടുകളിൽ നിന്നാണ്.നല്ലതിനോട് ,നല്ലവയോട് ചേർന്നാൽ എല്ലാം നല്ലതാകും.ബ്രൂസ് ബട്ടൺ പറയുന്നതുപോലെ ,"പെട്ടെന്ന് പൊട്ടിത്തകരാവുന്ന ഒരു പളുങ്ക്പാത്രമാണ് ചങ്ങാത്തം".ഒരു നല്ല സുഹൃത്തിനെ നഷ്ടപ്പെടുന്നത് ശരീരത്തിലെ ഒരു അവയവം നഷ്ടപ്പെടുന്നതുപ്പോലെയാണ്.അതിനാൽ നമ്മുക്ക് യഥാർത്ഥ സൗഹൃദം സൃഷ്ടിക്കുന്നവരും,നല്ല സുഹൃത്തുക്കളുമാകാം.ആ സൗഹൃദവലയം എന്നും നമ്മുടെ ഉള്ളിൽ നന്മയുടെ നീർച്ചാലായി മാറട്ടെ.അതിനുള്ള ദൈവാനുഗ്രഹം സകലർക്കും ലഭിക്കട്ടെ.

ലേഖനം

# മൊബൈലും ഇന്റർനെറ്റും

ദിയ ചാർളി 9 C



മൊബൈൽ ഇന്റർനെറ്റ് തുടങ്ങിയ മാധ്യമങ്ങൾ ഇന്ന് കുട്ടികളുടെയും യുവാക്കളുടെയും ഹരമായിമാറിയിരിക്കുകയാണ്. എങ്കിലും ഇവയുടെ പിന്നിൽ ഒരുപാട് അപകടങ്ങൾ പതിയിരിക്കുന്നുണ്ട്. മൊബൈലിൽ ഇന്റർനെറ്റ് പ്രളയത്തിൽ ഒലിച്ചു പോകുന്ന മക്കളെ നോക്കി പരിതപിക്കുകയാണിന്ന് മാതാപിതാക്കൾ. വാട്സപ്പ്, ഫേസ്ബുക്ക് തുടങ്ങിയവ ബന്ധങ്ങൾ വളർത്താൻ സഹായകമാണെങ്കിലും പിഞ്ചുകുഞ്ഞുങ്ങളെ വരെ അവ ആപത്തിലേയ്ക്ക് തള്ളിവിടുന്നു.

കൂടുതൽ സമയം പഠിക്കാൻ വേണ്ടി ഉപയോഗിക്കേണ്ട കുട്ടികൾ ചാറ്റിംഗിനും മറ്റ് പ്രോഗ്രാമുകൾക്കും വേണ്ടിയാണ് ചെലവഴിക്കുന്നത്. പ്രാർത്ഥിക്കാനോ അയൽബന്ധങ്ങൾ സ്ഥാപിക്കാനോ ഇവർക്ക് സമയമില്ല.

മയക്കുമരുന്നിലേയ്ക്കും മറ്റുപലവിഷയത്തിലുള്ള തെറ്റുകളിലേയ്ക്കും യുവാക്കളെയും മറ്റും തള്ളിവിടുന്നതിന് ഒരു പരിധിവരെ കാരണം ഈ മാധ്യമങ്ങളാണ്.

ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന ഒട്ടനവധി പ്രശ്നങ്ങളും ഇത്തരത്തിലുള്ള മാധ്യമങ്ങളുടെ ഫലമായി ഉണ്ടാകുന്നതാണ്.

ഇവയുടെ ഉപയോഗം ഒരു പരിധിവരെ നിയന്ത്രിക്കാൻ നമ്മുക്കു കഴിഞ്ഞാൽ ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ നമ്മുക്ക് തടയാൻ സാധിക്കും.എങ്കിൽ നല്ലൊരു സമൂഹത്തെ വാർത്തെടുക്കുവാൻ നമ്മുക്ക് സാധിക്കും.നമ്മെ നശിപ്പിക്കുന്ന മാധ്യമങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കാം.

*കവിത*

# ഓഖി

*(സബ്ജില്ലാ കലോത്സവത്തിൽ ഒന്നാം സ്ഥാനം ലഭിച്ച കവിത)*

ലക്ഷ്മി ജിജി 8 D



നിനച്ചിരിക്കാതെയീ പെരുമഴക്കൊപ്പം

ഉറഞ്ഞുതുള്ളി കലിപൂണ്ട കാറ്റ്.

ഉരുണ്ടുകൂടും കടലിന്റെ കോപം

മുറയ്ക്കുവന്നീ തീരത്തു തല്ലി.

കവർന്നെടുക്കുന്നു തീരവും പൂഴിയും

കനത്ത കാവലാം കടൽഭിത്തിയും.

സംഹാരഭാവമാർന്ന ചുഴലിക്കൊടുങ്കാറ്റി-

നലിവില്ലയേതും ആർദ്രതയും.

കലിപൂണ്ടൊരുന്മാദിനിയേപ്പോലവൾ

ഉറഞ്ഞുതുള്ളി കടലിന്റെ മാറിൽ.

മണ്ണിൽ നാം വൃഥാ കൊരുത്തുവച്ച

സ്വപ്നക്കൂട്ടുകൾ തല്ലിത്തകർത്തവൾ.

ഓരോ മരച്ചില്ലയും നോവിന്റെ നൊമ്പരപ്പാട്ടുകളായി.

ഇരുൾ മൂടിയ രാവും പകലും തോരാ-

കണ്ണീർ പേമാരിയായ് പെയ്തിറങ്ങി.

കലിയടങ്ങാതെയവൾ പിന്നെയും  പിന്നെയും

മറുതീരങ്ങൾ തേടിപ്പോയെങ്കിലും,

ഇനിയും മടങ്ങിവന്നില്ലന്നത്തിനായി

തോണിയേറിപ്പോയ കൂടപ്പിറപ്പ്.

ഉപ്പുനീറ്റും കൊട്ടുംചൂട്ടും തൊണ്ടവറ്റുന്ന

ദാഹവും മറന്നാഴങ്ങളിൽ

വലയെറിഞ്ഞവൻ കോരുന്ന സ്വപ്നങ്ങൾ

തീരങ്ങളിൽ കാത്തിരിക്കുന്നവർക്കായി.

ഓരോ തിരയും മടങ്ങിയെത്തി കനൽ-

പൊള്ളലായി; നൊമ്പരച്ചാലുകളായി...

ഓരോ തിരയും മടങ്ങിയെത്തി;

വെറും കയ്യാലെ, തുഴയില്ലാ, തോണിയില്ലാ...

എങ്കിലും കൂടപ്പിറപ്പേ...നിൻ നിശ്വാസ-

മീതീരമെങ്ങും നിറഞ്ഞുനിൽപ്പൂ....

-*-*-*-

ലേഖനം

# മഴവെള്ളത്തെ പറമ്പിലേയിക്ക് ക്ഷണിക്കാം

വർക്കിച്ചൻ പി. റോബിൻ 9 A

പണ്ട് വേനൽമഴയിൽ കർഷകർ മൺവരമ്പുകളിൽ ഓവുചാലുകൾ തീർത്ത് പുറത്തു കൂടി ഒഴുകിപോകുന്ന മഴവെള്ളത്തെയും അതുവഴി ലഭിക്കുന്ന മണ്ണിനെയും പറമ്പിനകത്തേയ്ക്കു ഒഴുക്കിവിടുമായിരുന്നു .

ഇങ്ങനെ മണ്ണ് ,വെള്ളം ,ജൈവവളം തുടങ്ങിയവ പറമ്പിൽ അടിയും. ഇത് വിളകൾക്ക് തണുപ്പും വളവും പറമ്പിലെ കിണറ്റിൽ ധാരാളം വെള്ളവും നിറയ്ക്കും. മഴവെള്ളത്തെ പറമ്പിൽ കെട്ടിനിറുത്തുന്നതിനായി കുഴിക്കുന്ന കുഴികളാണ് "മഴക്കുഴികൾ " എന്നറിയപ്പെടുന്നത്. ഭൂഗർഭജലം സംഭരിക്കാൻ ഫലപ്രദമായ ഒരു മാർഗമാണിത്. മഴവെള്ളം പറമ്പിൽ പല സ്ഥലങ്ങളിലായി കെട്ടിക്കിടക്കുന്നത് പ്രശ്നവും മഴക്കുഴികൾ നിർമിക്കുന്നതിലൂടെ ഒഴിവക്കാം. വെള്ളക്കെട്ടില്ലാത്ത സ്ഥലങ്ങളിൽ മഴക്കാലത്തിനു മുമ്പായി അവിടവിടെ ഒരോ മഴക്കുഴികൾ നർമ്മിക്കാം. മണൽപ്രദേശങ്ങളിലും ചരിഞ്ഞപ്രദേശങ്ങളിലും നീർക്കുഴികൾ നിർമിക്കാതിരിക്കുന്നതാണ് നല്ലത്. ചരിഞ്ഞ പ്രദേശങ്ങളിൽ ഭൂമിയുടെ ചരിവിന്റെ താഴെയുള്ള ഭാഗത്ത് മണ്ണിട്ടുയർത്തി പലതരം പുല്ലുകൾ

വച്ചുപിടിപ്പിച്ചാൽ മണ്ണൊലിച്ചു പോവില്ല.

തെങ്ങുകൾക്കും മറ്റ് ദീർഘകാലവിളകൾക്കും ചുറ്റുമായി വലിയ തടമെടുത്ത് അതിലും മഴവെള്ളം സംഭരിക്കാം . ഈ തടത്തിൽ ചകിരി പാകിയാൽ ചകിരി സ്പോഞ്ചുപോലെ പ്രവർത്തിച്ച് മഴക്കാലത്ത്



ധാരാളം മഴവെള്ളം ശേഖരിക്കാം .

**ഇതൊക്കെ മുതിർന്നവരുടെ കാര്യമല്ലേ എന്നു കരുതാൻ വരട്ടെ മഴക്കാലത്ത് കുട്ടികൾ തന്നെ കൊച്ച് കുഴികൾ കുഴിച്ച് മഴവെള്ളത്തെ മണ്ണിലേക്കിറക്കാവുന്നതാണ് .**

# മാവിൻെറ അവകാശി

അഭിജിത്ത് മധു 9 A

ഒരിക്കൽ ഒരു ഗ്രാമത്തിൽ രണ്ടു സഹോദരന്മാരുണ്ടായിരുന്നു. അവരുടെ അച്ഛൻ നട്ടുവളർത്തിയ മാവിനുവേണ്ടി അവർ വഴക്കാണ്. ആരാണ് മാവിൻെറ അവകാശി ? അവരുടെ വഴക്കിനെക്കുറിച്ച് കൊട്ടാരത്തിലറിഞ്ഞു. രാജാവ് മന്ത്രിയോട് ഉത്തരവിട്ടു. ഇന്ന് സന്ധ്യയ്ക്കുമുമ്പ് ഇതിനുത്തരം കിട്ടണം.



മന്ത്രി കുറെ ചിന്തിച്ചു. അവസാനം ഒരു മാർഗം കിട്ടി. മന്ത്രി ഭടനോട്

പറഞ്ഞു. ഒന്നാമത്തെ സഹോദരൻ ഗ്രാമത്തിലെ കള്ളൻ മാവിലെ മാമ്പഴങ്ങൾ പറിക്കുകയാണ് എന്ന്. ഒന്നാമത്തെ സഹോദരൻ പറഞ്ഞു. ആ കള്ളന്ന ഇതുതന്നെ പണി. ഭടൻ രണ്ടാമത്തെ സഹോദരനോട് പറഞ്ഞു കള്ളൻമാവിലെ മാമ്പഴങ്ങൾ പറിക്കുകയാണന്ന്. സഹോദരൻ പറഞ്ഞു  അവനെവിടെയാണ്. അവനെഇന്ന് ഞാൻ അടിച്ച് കൈ ഒടിക്കും. ഭടൻ കൊട്ടാരത്തിൽ എത്തി മന്ത്രിയോട് നടന്ന സംഭവം പറഞ്ഞു. മന്ത്രിക്ക് മനസിലായി ആരാണ്  മാവിൻെറ അവകാശിയെന്ന്. രാജാവ്  കൊട്ടാരത്തിലേക്ക് രണ്ട് സഹോദരൻമാരേയും വിളിച്ചു. രാജാവിൻെറ മുന്നിൽ ആരാണ് മാവിൻെറ അവകാശി എന്ന്  പറഞ്ഞു. രണ്ടാമത്തെ സഹോദരനാണ്  മാവിൻെറ അവകാശി.

# ചെമ്മലമറ്റം സ്കൂൾ വിദ്യാർത്ഥികൾ ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞൻ ശ്രീ. ജോർജ്ജ് റീമാൻ സി. മാത്യുവുമായി നടത്തിയ അഭിമുഖം

1. സാർ താങ്കളുടെ പേരെന്താണ്. ഇപ്പോൾ എവിടെയാണ് ജോലി ചെയ്യുന്നത് ?

എന്റെ പേര് റീമാൻ .ഞാൻ ഇപ്പോൾ I.S.R.O യിൽ സയന്റിസ്റ്റ് ആയി ജോലിചെയ്യുന്നു.

2. സാർ താങ്കൾ എവിടെയൊക്കെയാണ് പഠിച്ചിട്ടുള്ളത് ?

ഹൈസ്കൂൾ പഠനം - **എൽ.എഫ്.എച്ച്.എസ്. ചെമ്മലമറ്റം**

പ്രീഡിഗ്രി - അരുവിത്തുറ സെന്റ ജോർജ് കോളേജ് .

B.Tech – R.I.T. കോട്ടയം.

3. എങ്ങനെയാണ് താങ്കൾ I.S.R.O യിൽ എത്തിയത് ?

I.S.R.O നടത്തിയ പരീക്ഷ എഴുതിയാണ് അവിടെ പ്രവേശനം നേടിയത്.

4. താങ്കൾ അവിടെ എന്തു ജോലിയാണ് ചെയ്യുന്നത് ?

റോക്കറ്റ് നിർമ്മാണത്തിനായി സാധന സാമഗ്രികളുമായി ബന്ധപ്പെട്ട് പരീക്ഷണം, നിർമ്മാണം എന്നിവ നടത്തിവരുന്നു.

5. സാർ അങ്ങ് സ്പെയ്സിൽ പോയിട്ടുണ്ടോ ?

ഇല്ല. നീണ്ടപരിശീലനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി മാത്രമേ സ്പെയ്സിൽ പോകൻ സാധിക്കൂ.

6. റോക്കറ്റ് വിക്ഷേപണത്തെക്കുറിച്ച് വിശദീകരിക്കാമോ?

ന്യൂട്ടന്റെ ചലനനിയമങ്ങളാണ് റോക്കറ്റ് വിക്ഷേപണത്തിന്റെ അടിസ്ഥാന തത്ത്വം.

7. സ്കൂൾ വിദ്യാർത്ഥികളായ ഞങ്ങളോട് അങ്ങേയ്ക്ക് പറയാനുള്ളതെന്താണ് ?

സ്കൂളിൽ പഠിക്കുന്ന ശാസ്ത്രതത്ത്വങ്ങൾ താന്നെയാണ് ശാസ്ത്രജ്ഞനാകുമ്പോഴും പഠിക്കാനുള്ളത്. അല്പം ആഴത്തിലുള്ള പഠനം വേണമെന്നുമാത്രം. അതുകൊണ്ട് സ്കൂൾ തലത്തിലേ നന്നായി പഠിക്കുക.

ഞങ്ങളോടൊത്ത് ഇത്ര നേരം സംവദിച്ചതിന് ഏറെ നന്ദി.

# ഈ നാട്ടം കടന്ന്

ബിജ്ജ ജോസഫ്

2019 ജനുവരി 14-17 മുതൽ കർണ്ണാടകയിലെ മൈസൂറും തമിഴ് നാട്ടിലെ ഊട്ടിയും സന്ദർശിക്കാൻ ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ 100 കുട്ടികളും 8 അദ്ധ്യാപകരും കൂടെ കർണാടകയിലെത്തി. മൈസൂർ ഇന്ത്യയിലെ തന്നെ ഏറ്റവും പ്രശസ്തകാഴ്ചകളേക്കാൾ ഏറെ, ചരിത്രം പഠിക്കുവാനും ചരിത്ര സംഭവങ്ങൾ അരങ്ങേ റിയ മണ്ണിൽ കാലുകുത്താനും കഴിഞ്ഞു എന്നത് വിദ്യാർത്ഥികൾക്ക് മറക്കാനാവത്ത അനുഭവമാണ്. മായ ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്.കാഴ്ചകളേക്കാൾ ഏറെ, ചരിത്രം പഠിക്കുവാനും ചരിത്ര സംഭവങ്ങൾ അരങ്ങേ റിയ മണ്ണിൽ കാലുകുത്താനും കഴിഞ്ഞു എന്നത് വിദ്യാർത്ഥികൾക്ക് മറക്കാനാവത്ത അനുഭവമാണ്.

മൈസൂറിൽ ഒരു പ്രധാനകാഴ്ച്ച മൈസൂർ മൃഗശാല ആണ്. ഇന്ത്യയിലെ തന്നെ പേരുകേട്ട മൃഗശാലകളിൽ ഒന്നാണിത്. മൈസൂർ മൃഗശാല എതാണ്ട് 4 കിലോ മീറ്റർ ചുറ്റി സഞ്ചരിച്ച് കൺകുളിർക്കെ കാണാനുള്ള കാഴ്ചയാണ് ഇവിടെ സന്ദർശകർക്കായി ഒരുക്കിരിക്കുന്നത്. അനേകം മൃഗങ്ങൾ, വിവിധതരത്തിലുള്ള പക്ഷികൾ, പാമ്പുകൾ തുടങ്ങി കണ്ണിനെ വിസ് മയിപ്പിക്കുന്നകാഴ്ച അനുഭവം. മൈസൂർ എന്നാൽ ഓർമ്മ വരുന്നത് ടിപ്പു സുൽത്താനെയാണ് . ടിപ്പുവിന്റെ ജിവിത കഥ എറെ പറഞ്ഞുതരുന്ന, തണുത്ത മൈസൂറിന്റെ മണ്ണിൽ ; കോട്ടകളും, ടിപ്പുവിന്റെ കബറിടവും, വേനൽ കാലവസതിയും, വാട്ടർ ജയിലും ഒക്കെ സഞ്ചാരികൾക്ക് ഒരു പുതിയ അനുഭവം നൽകുന്നു. മൈസൂർ പാലസ്, രാജാക്കമാരുടെ ചരിത്രം പറയുന്ന മൈസൂർ കൊട്ടാരം കൊട്ടാരത്തിലെ കൊത്ത് പണികളും രാജാ രവിവർമ്മ വരച്ച ജിവൻ തുടിക്കുന്ന ചിത്രങ്ങളും പീരങ്കികളും ഒക്കെ ഒരിക്കലും മറക്കാനാവാത്ത സുന്ദരകാഴ്ച നമുക്ക് സമ്മാനിക്കുന്നു. മൈസൂർ എന്ന് കേട്ടാൽ ഏതൊരു സഞ്ചാരിയുടെയും മനസ്സിൽ ഓടി വരുന്നത് മൈസൂർ വൃന്ദാവനമാണ്. ദിനം പ്രതി പതിനായിരങ്ങൾ ഒഴുകുന്ന മൈസൂർ വൃന്ദാവനം ഒരു കാഴ്ച്ച തന്നെയാണ് .

വിവിധതരത്തിലുള്ള ചെടികൾ, വെള്ളത്തിന്റെ വിസ്മയപ്രകടനങ്ങൾ,മ്യൂസിക്കൽ ജലധാര , എല്ലാം അക്ഷരാർത്ഥത്തിൽ വൃന്ദാവനം നമ്മളെ മറ്റൊരു ലോകത്ത് എത്തിക്കുന്നു. പറഞ്ഞാലും പറഞ്ഞാലും തീരാത്ത പോലെ മൈസൂർ കാഴ്ചകൾ ഇനിയും ഉണ്ട്. കാവേരി നദിയും വിവിധ ഫാക്ടറികളും തുടങ്ങി ഒട്ടേറെ കാഴ്ചകളും പഠനങ്ങളും. മൈസൂറിനോട് യാത്ര പറയുമ്പോൾ ചെറിയതണുപ്പും, കുളിർകാറ്റും നമ്മെ താലോടി യാത്രയാക്കും. ഇനിയും വരണമെന്ന മോഹവുമായി മൈസൂറിനോട് യാത്രപറഞ്ഞ് ഊട്ടിയിൽ എത്തി.

തമിഴ്നാടിന്റെ സുന്ദരി എന്നറിയപ്പെടുന്ന ഊട്ടിയുടെ സൗന്ദര്യം ആസ്വദിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശികൾ എത്തുന്നു. തണുത്തുറഞ്ഞ ജലവും, കൊടുംതണുപ്പും, ബോട്ടുസഞ്ചാരവും, ബോട്ടാണിക്കൽ ഗാർഡനും, എന്നും സൂക്ഷിക്കാൻ പറ്റുന്ന നിരവധി ഓർമ്മകളും കാഴ്ചകളുമാണ് ഒരോ സഞ്ചാരിക്കും സമ്മാനിക്കുക. നിറമുള്ള ഓർമ്മകളും കുളിരണിയിക്കുന്ന തണുപ്പും ആസ്വദിച്ച് സുന്ദര ഓർമ്മകളും മനസ്സിൽ താലോലിച്ച് മൂന്ന് ദിവസത്തെ സന്ദർശനം കഴിഞ്ഞ് ഞങ്ങൾ തിരിച്ച് പോകുന്നു. ദൈവത്തിന്റെ സ്വന്തം നാട്ടിലേക്ക്....

# ചേരിയുടെ വീഥിയിലൂടെ ഒരാൾ

ഡിയോണ ആൽബി 8 C

ജാലകപാളികളിലെ ഇരുമ്പഴികൾക്കിടയിലൂടെ സൂര്യന്റെ അനന്തരശ്മികൾ ഉതിർന്നു വീണു. പണിതീരാതെ ഇട്ടിട്ടു പോയ ആ കെട്ടിടത്തിന്റെ ഏകാന്തമായ ഒരു കോണിൽ താമസിച്ചിരുന്ന ആ പടുവൃദ്ധൻ ഉണർന്നു. കീറിപ്പറിഞ്ഞ തുണി ബാഗിന്റെ ഇരുണ്ട മൂലയിൽ അദ്ദേഹം പരതി. എന്തോ പേപ്പർ പോലെ അനുഭവപ്പെട്ട അദ്ദേഹം അതെടുത്തു നോക്കി...പത്തുരൂപയുടെ നോട്ട്. അദ്ദേഹം പതിയെ തല താഴ്ത്തി. കീറിപ്പറിഞ്ഞിട്ടും വീണ്ടും തുന്നിപ്പിടിപ്പിച്ച വസ്ത്രങ്ങൾ....തന്റെ യൗവനത്തിലേയ്ക്ക് അദ്ദേഹത്തിന്റെ ചിന്തകൾ ഊളിയിട്ടു. സുഹൃത്തായിരുന്ന ബിനുലാൽ.....എല്ലാം തന്നെ വിട്ടു പിരിഞ്ഞിരിക്കുകയാണ്. ബിനുലാലും താനും തമ്മിൽ ചിലവഴിച്ച വെളിച്ചം പൂരണ്ട ജീവിതത്തിന്റെ വീഥിയിലേയ്ക്ക് അദ്ദേഹം കണ്ണോടിച്ചു.അമ്മ മരിച്ചിട്ടും താൻ തന്റെ മക്കൾക്കു നൽകിയത് അവഗണന മാത്രമായിരുന്നു.അതു പോലെ തന്നെ അവർ തന്നോടും പെരുമാറി.

വീട്ടിൽ നിന്നും അടിച്ചോടിച്ചപ്പോഴും ഞാൻ തിരിഞ്ഞു നോക്കിയില്ല. ദുരഭിമാനം എന്നെ അതിനനുവദിച്ചില്ല എന്നു വേണം പറയാൻ. എന്നാൽ ഇന്നു ഞാൻ തിരിച്ചറിയുന്നു എന്താണ് അഭിമാനമെന്ന്. കോടികൾ ചെലവഴിച്ചപ്പോഴും കുറഞ്ഞത് നൂറു രൂപ ടിപ്പായി നൽകിയപ്പോഴും ഞാനറിഞ്ഞിരുന്നില്ല നൂറിനു താഴെയും ദാരിദ്ര്യത്തിന്റെ ഒരു രൂപാത്തുട്ടുകളുണ്ടെന്ന്. എന്നാൽ ചേരിയിലെ ജീവിതം തന്നെ എല്ലാം പഠിപ്പിച്ചു. അഹങ്കാരം മൂടിയിരുന്ന കാഴ്ചയുടെ കെട്ടുകളെല്ലാം ദാരിദ്ര്യം പൊട്ടിച്ചെറിഞ്ഞു. ആഴ്ചകളോളം ഒന്നും കഴിക്കാതെ വിശന്നുണങ്ങിയിരുന്ന വയറിനെ സമാധാനിപ്പിക്കാനായി അദ്ദേഹം പുറത്തേയ്ക്കിറങ്ങി . അപ്പോഴാണ് തന്റെ സുഹൃത്തായിരുന്ന ബിനുലാലിന്റെ ഹോട്ടലിനേക്കുറിച്ച് ഓർത്തത്. അദ്ദേഹം ആ ദുർഗന്ധം വമിക്കുന്ന ചേരിയുടെ ഇടയിലൂടെ നടന്നു നീങ്ങി. അതിന്റെ ഗന്ധം അസഹനീയമാകാത്ത വിധം ആ ജീവിതത്തോട് ദിവാകരൻ എന്ന ആ മനുഷ്യൻ ലയിച്ചു ചേർന്നിരുന്നു.

അദ്ദേഹം നൂതനതയുടെ നാഗരികതയിലേയ്ക്ക് എത്തിച്ചേർന്നു.

ഏറ്റവുമൊടുവിൽ അയാൾ ബിനു ലാലിന്റെ ഹോട്ടൽ കണ്ടുപിടിച്ചു. ദിവാകരൻ ഓടിച്ചെന്ന് ബിനുലാലിനെ കെട്ടിപ്പിടിച്ചു. ബിനുലാൽ കുതറിമാറി. എന്നിട്ട് അടുത്തു കണ്ട പൂച്ചട്ടി അദ്ദേഹത്തിനു നേരെ എറിഞ്ഞു. സെക്യൂരിറ്റിമാർ ഓടി വന്ന് അയാളെ വലിച്ചിഴച്ചു. പോകുന്നതിനിടയിൽ ഞാൻ ദിവാകരനാണെന്നയാൾ വിളിച്ചു പറഞ്ഞു. അത് കേട്ടപ്പോൾ പതിയെ ബിനുലാൽ അയാളുടെ അടുത്തേയ്ക്കു ചെന്നു സൂക്ഷ്മമായി നിരീക്ഷിച്ചിട്ടു പറഞ്ഞു. അഹങ്കരിച്ച് വീടു വിട്ടിറങ്ങിയതല്ലേ. അനുഭവിച്ചോ. ബിനുലാൽ ആർത്തട്ടഹസിച്ചു. നിർനിമേഷനായി നോക്കി നിൽക്കാനേ ദിവാകരനു കഴിഞ്ഞുള്ളൂ. ഉറ്റ

**ഉദ്ദീപ്തം**

ചങ്ങാതിയായിക്കരുതിയ ബിനുലാലും തന്നെ അവഗണിച്ചപ്പോൾ തന്റെ ഊർജ്ജം ചോർന്നു പോകുന്നതായി അയാൾക്കു തോന്നി. നിരാശനായി നടന്നു നീങ്ങവേ ഒരാൾ ദിവാകരനെ കടയിലേയ്ക്കു ക്ഷണിച്ചു. ബിജേഷ് എന്ന യുവാവായിരുന്നു അത്. ഒരിക്കൽ ബിജേഷ് പിച്ചതെണ്ടാൻ വന്നപ്പോൾ ദിവാകരൻ ആട്ടിയോടിച്ചതാണ്. എന്നാൽ ഇന്ന് അവന് സ്വന്തമായി ഒരു കടയുണ്ട്. ബിജേഷ് സ്വയം അദ്ദേഹത്തിനു മുടി വെട്ടി,കുളിപ്പിച്ച് പുതുവസ്ത്രങ്ങൾ മേടിച്ചു കൊടുത്തു. ദിവാകരൻ കടയിൽ ബിജേഷിന്റെ കൂടെ നിന്നു.


പതിയെ ബിജേഷിന്റെ ജീവിതം അഭിവൃദ്ധി പ്രാപിച്ചു. വർഷങ്ങൾക്കു ശേഷം അവൻ ഒരു ലക്ഷാധിപതിയായി തീർന്നു. ഇന്ന് ബിജേഷിന്റെ കല്യാണമാണ്. പതിനായിരം പാവങ്ങൾക്കു സദ്യയുണ്ട്. ദിവാകരൻ എല്ലാം ചുറ്റി നടന്ന് പരിശോധിച്ചു. പാവപ്പെട്ട ആ മനുഷ്യരുടെയിടയിൽ അതാ ബിനുലാൽ. ഒരിക്കൽതന്നെ അപമാനിതനാക്കിയ പണ്ടത്തെ തന്റെ ചങ്ങാതി. എന്നാൽ തനിക്കും ഇങ്ങനെയൊരുകാലമുണ്ടായിരുന്നു എന്ന് അദ്ദേഹം ഓർത്തു. ബിനുലാലിന്റെ അവസ്ഥയെപ്പറ്റി ഓർത്ത് പരിതപിച്ചു. പതിയെ ദിവാകരൻ ബിനുലാലിന്റെ അടുത്തേക്ക് നീങ്ങി. ആൾത്തിരക്ക് കാരണം ബിനുലാലിനെ കണ്ടെത്താനായില്ല. അദ്ദേഹം എവിടെയോ പോയി മറഞ്ഞിരുന്നു. ഒരു പക്ഷേ ബിജേഷിനെ പോലെ ഒരു കരുണയുള്ള മനസ്സിനെത്തേടി പായുകയായിരിക്കും അദ്ദേഹം ..... ചേരിയുടെ ഇടുങ്ങിയ വീഥിയിലൂടെ.

കഥ

# പവിഴ തത്ത

അലീന ബിനോയി 10 C

ഒരു കർഷകൻ വയലിൽ പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ മരത്തിൽ നിന്നുവീണ ഒരു തത്തക്കുഞ്ഞിനെകിട്ടി. അയാൾ തൻെറ മക്കളോടൊപ്പം അതിനെ വളർത്തി. അതിന് പവിഴം എന്ന് പേരിട്ടു. ആ കുട്ടികൾ അതിനെ "പവിഴം,പവിഴം" എന്ന് വിളിച്ചാൽ തത്ത



എവിടെയാണെങ്കിലും അത് പറന്നെത്തും.

തത്തക്കുഞ്ഞിന് കർഷകൻ മനോഹരമായ ഒരു കൂടുണ്ടാക്കികൊടുത്തു. കൂടിൻെറ വാതിൽ എപ്പോഴും തുറന്നാണ് കിടക്കുന്നത്. തത്തക്കുഞ്ഞിന് എപ്പോൾ വേണമെങ്കിലും ഇറങ്ങാം,കയറാം,എവിടെവേണമെങ്കിലും പോകാം.

ഒരിക്കൽ കർഷകനും കുട്ടികളും വയലിൽ ആയിരിക്കുമ്പോൾ കുറെ പക്ഷികൾ ധാന്യമണികൾ കൊത്തിതിന്നുന്നത് കണ്ട് അവർ അവരെ കല്ലെടുത്തെറിയാൻ തുടങ്ങി.അതിൽ ഒരു കിളി ഏറുകൊണ്ടു വീണു.അതിൻെറ അടുത്തേക്ക് കുട്ടികൾ ഓടിയെത്തി

അത് കുട്ടികളുടെ പവിഴ० തത്തയായിരുന്നു. അവർ ഒന്നിച്ചു ചോദിച്ചു 'പവിഴം','പവിഴം' നീ എന്തിന് അവരുടെകൂടി തത്തയുടെ മുറവ് വച്ചുകെട്ടി .എന്നിട്ട് പിന്നെയു० ചോദിച്ചു നിയെന്തിന് അവരുടെക്കൂടെ കൂടി പവിഴം തത്തയെ കൂട്ടിൽ അടച്ചു. അത് കുറച്ചുനാൾ കഴിഞ്ഞപ്പോൾ സ്വയംചോദിച്ചു. നീയെന്തിന് അവരുടെ കൂടെ കൂടി? നല്ല കൂട്ടുകാരുടെകൂടെ പോവുക..

# പൗരബോധവും ധാർമികതയും

ശ്രീലക്ഷ്മി 9 C

1. ആദർശമില്ലാത്ത രാഷ്ട്രീയം.
2. അധ്വാനമില്ലാത്ത സമ്പത്ത്.
3. മനുഷ്യത്വമില്ലാത്ത ശാസ്ത്രം.
4. ധാർമികതയില്ലാത്ത വാണിജ്യം.
5. സ്വഭാവമഹിമയില്ലാത്ത വിദ്യാഭ്യാസം.
6. ത്യാഗമില്ലാത്ത ആരാധന.
7. മനസാക്ഷിയില്ലാത്ത സന്തോഷം.

ഇവ അത്യന്തം അപകടമാണ്.

**ഗാന്ധിജി**

# നന്മയുടെ ലോകം

അലീന ബിനോയി 10 C

സഹനത്തിൽ  വിജയം നേടാൻ
നമ്മൾ മാറിടണം
സ് നേഹത്തിൻ കൊടിയുമേന്തി
നമ്മൾ വിജയം നേടിടണം

നന്മതൻ നറു വെട്ടമേകാൻ
സൂര്യനായി നാം മാറണം
ശാന്തിതൻ നിലാവു നല്കും
തിങ്കളായി നാം തീരണം

ഹേമന്തസുഗന്ധം പേറാൻ
പൂക്കളായി നാം മാറണം
ക്ഷമയുടെ ഗീതികൾ പാടും
കിളികളായി നാം തീരണം

നല്ല ചിന്തകൾ കൊരുക്കണം
നന്മകാലം തീർക്കണം
നല്ല വാക്കുകൾ പറയണം
നന്മലോകം പണിയണം

# സൈബർ കുറ്റകൃത്യങ്ങൾ

ആഷിൻ സാബു 9 B

വിവര വിനിമയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചോ അവയെ ലക്ഷ്യംവച്ചോ നടത്തുന്ന കുറ്റകൃത്യങ്ങളെയാണ് സൈബർ കുറ്റകൃത്യങ്ങൾ എന്നു പറയുന്നത്. മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ഡിജിറ്റൽ ക്യാമറകൾ തുടങ്ങിയവയാണ് സൈബർ കുറ്റകൃത്യങ്ങളിലെ ഉപകരണങ്ങൾ.

## പ്രധാനപ്പെട്ട ചില സൈബർ കുറ്റകൃത്യങ്ങൾ.

സൈബർ കുറ്റകൃത്യങ്ങളെ പല രീതിയിൽ തരംതിരിക്കാം.

1. വ്യക്തികൾക്കെതിരായുള്ള കുറ്റങ്ങൾ(സൈബർ അതിക്രമം).
2. സാമ്പത്തികുറ്റങ്ങൾ (ക്രെഡിറ്റ് കാർഡ് വിവര മോഷണം മുതലായവ).
3. ഭരണകൂടത്തിനെതിരെ(സൈബർഭീകരാക്രമണം ,നിയമപരമല്ലാത്ത പ്രവൃത്തികൾ).

## ഇന്റർനെറ്റ്/ മൊബൈൽ ഫോൺ  ഇവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

കമ്പ്യൂട്ടർ നെറ്റവർക്കിൽ കഴിയുന്നതും അപരിചിതരുമായി ചാറ്റ് ചെയ്യുന്നതും മെയിലുകൾക്ക്  മറുപടി നൽകുന്നതും ഒഴിവാക്കുക. ഈ ആളുകൾ  ആരൊക്കെയാണെന്ന് നമുക്കറിയില്ല. സ്ത്രീയുടെ പേരിൽ മെയിൽ അയയ്ക്കുന്നത് പുരുഷനാകാം.പുരുഷന്റെ പേരിൽ സ്ത്രീയുമാകാം. ഓൺലൈനിൽ ഒരാൾക്ക് എങ്ങിനെ വേണമെങ്കിലും സ്വയംഅവതരിപ്പിക്കാം

ചാറ്റിങ്ങളിലൂടെ പരിചയപ്പെടുന്നവരോട് നിങ്ങളുടെ പേര്, അഡ്രസ്സ്, സ്കൂളിന്റെ പേര് , ഫോൺ നമ്പർ തുടങ്ങിയ വ്യക്തിപരമായ വിവരങ്ങൾ ഒരു കാരണവശാലും വെളിപ്പെടുത്തരുത് .



യാതൊരു കാരണവശാലും നിങ്ങളുടെ ഫോട്ടോ അയയ്ക്കുകയോ മുതിർന്നവരെ അറിയിക്കാതെ ആരെയെങ്കിലും നേരിൽ കാണാൻ ശ്രമിക്കുകയോ അരുത്.

വൃത്തികെട്ടതും അശ്ലീലം നിറഞ്ഞതുമായ സന്ദേശങ്ങൾ, ഭീഷണിപ്പെടുത്തുന്ന സന്ദേശങ്ങൾ തുടങ്ങി നിങ്ങൾക്ക് പ്രയസം ഉണ്ടാക്കുന്ന അനാവശ്യമെന്ന് തോന്നുന്ന ഒരു സന്ദേശങ്ങൾക്കും മാറുപടി അയയ്ക്കരുത്. ഇവ ആവർത്തിച്ചാൽ മുതിർന്നവരുടെ ശ്രദ്ധയിൽപ്പെടുത്തുക.

മൊബൈൽ ക്യാമറ ഉപയോഗിച്ച് അനുവാദം കൂടാതെ ആരുടെയും ഫോട്ടോ എടുക്കാൻ പാടില്ല. അതു മറ്റൊരാളുടെ സ്വകാര്യതയുടെ ലംഘനമാണ്.

അശ്ലീല ചിത്രങ്ങൾ, വാചകങ്ങൾ തുടങ്ങിയവ മെസ്സേജ് ആയി അയയ്ക്കരുത്. അശ്ലീല സന്ദേശങ്ങൾ / ഫോട്ടോകൾ മുതലയാവ അയയ്ക്കുന്നത് iT നിയമപ്രകാരം ശിക്ഷാർഹമാണ്. 3 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ പിഴയും ശിക്ഷയായി ലഭിക്കും

അപരിചിതരുടെ മെസ്സേജുകൾക്ക് (sms/mms)മറുപടി അയയ്ക്കതെയിരിക്കുക. ചാറ്റ് ചെയ്യുമ്പോൾ ലഭിച്ചതോ ആരുടെയെങ്കിലും പ്രൊഫൈലുകളിൽ കാണുന്നതോ ആയ അപരിചിതരുടെ നമ്പറുകളിൽ വിളിക്കരുത് .

## നന്മയുടെ തേരിൽ

സ്നേഹ എൻ . ബിനു 9 C

ഒരു കുട്ടകം നിറയെ പായസം. വായിൽ വെള്ളമൂറുന്നു അല്ലേ! എന്നാൽ അറിഞ്ഞോളൂ . നരകത്തിലും സ്വർഗ്ഗത്തിലും ഇതാണ് ഭക്ഷണം.നരകത്തിലും സ്വർഗ്ഗത്തിലും ഉള്ളവരുടെ ഇരു കൈമുട്ടുകളും ചേർത്ത് കൈമടങ്ങാത്തനവിധം ഒരു തവിയും കെട്ടിവച്ചിരിക്കും.എങ്ങനെ പായസം കഴിക്കും?

നരകവാസികൾക്ക് ഒരിക്കലും പായസം കഴിക്കാൻ കഴിഞ്ഞിട്ടില്ല.എങ്ങനെ കഴിക്കും?.ഓരോരുത്തരും പായസം തവിയിലെടുത്ത് സ്വന്തം വായിലേക്കു കൊണ്ടുവരും;ചെന്നുവീഴുന്നതോ മറ്റവന്റെ മുഖത്ത്! പിന്നെ തമ്മിത് പോരായി;ബഹളമായി! ഓ....നരകം തന്നെ. സ്വർഗ്ഗത്തിലും അവർ എന്നും പായസം കഴിച്ച് സന്തോഷത്തോടും സംതൃപ്തിയോടും കൂടി ജീവിക്കുകയാണ്. അതെങ്ങനെയെന്നോ? ഒരാൾ പായസമെടുക്കും. അടുത്തുനിൽക്കുന്നവന്റെ വായിൽ ഒഴിച്ചുകൊടുക്കും. പരസ്പരം സഹായിച്ചും പങ്കുവച്ചും ശാന്തസുന്ദരമായി അവർ കഴിയുന്നു. ഇതാണു സ്വർഗ്ഗം!

ഈ കഥ നമ്മെ പഠിപ്പിക്കുന്നത്: നന്മ കളിയാടുന്നിടം സ്വർഗ്ഗമാണ്. നന്മ ചെയ്യാത്തിടം നരകവും.



കവിത

# ദീപങ്ങൾ

ബിജിൻ്റ ജോർജ് 10 C



ഉഷഃസ്സന്ധ്യയിൽ ഉണരണം
ദൈവത്തെ സ്തുതിക്കണം
അച്ഛനെയും അമ്മയെയും
നന്ദിയോടെ ഓർക്കണം

അറിവിനെ അമൃതായ് കരുതണം
അറിവുതന്ന ഗുരുവിനെ
ശിരസ്സുതാഴ്ത്തി വണങ്ങണം
അന്യരെ മാനിക്കണം

എളിയവരെ സ്നേഹിക്കണം
നന്നായി പഠിക്കണം
നല്ല കൂട്ടു കൂടണം
നല്ല മാർക്ക് വാങ്ങണം

നാടിനൊരു ദീപമായി
നല്ലവരായ് വാഴണം

## കുസൃതി ചോദ്യങ്ങൾ

ഷിബില ബിജു

- 3 എന്ന സംഖ്യ മൂന്ന പ്രാവിശ്യം ഉപയോഗിച്ച് 3 ആക്കി എഴുതുക?

  (3+3)-3=3

- പ്രവർത്തനം നിലച്ചുപോയ ഒരു വാച്ചിലെ സൂച്ചിക്കളും ചലിക്കുന്നില്ല എന്നാലും അത് ഒരു ദിവസം എത്ര പ്രവിശ്യം കൃത്യസമയം കാണിക്കും?

  2

. x ന്റെ y ശതമാനവും y യുടെ x ശതമാനവും കൂട്ടിയാൽ xy യുടെ എത്ര ശതമാനകം ?

2

. 10 ആളുകൾ 10 കി. മി. ദൂരം 10 മണിക്കൂർ കൊണ്ട് സഞ്ചരിക്കൻ കഴിയുന്നു . എന്നാൽ ഒരാൾക്ക് ഈ ദൂരം എത്ര സമയം കൊണ്ട് സഞ്ചരിക്കൻ കഴിയും?

10 മണിക്കൂർ

.ഒരു പൂച്ചയ്ക്ക് ഒരു എലിയെ കൊല്ലാൻ ഒരു മിനിറ്റ് വേണം . എന്നാൽ 5 പൂച്ചകൾക്ക് 5 എലികളെ കൊല്ലൻ എത്ര മിനിറ്റ് വേണം ?

1 മിനിറ്റ്

. ഒരു പാത്രത്തിൽ വെള്ളം വിഴുന്നത് ഓരെ മിനിറ്റിലും ഇരട്ടിയാകത്തക്കവിധം ക്രമികരിച്ചിരിക്കുന്നു. പാത്രം നിറയൻ 1 മണിക്കൂർ വേണമെങ്കിൽ പകുതി നിറയൻ എത്ര സമയം വേണം?

**59 മിനിറ്റ്**

ലേഖനം

# ജലത്തിൻെറ ഇന്ദ്രജാലം

ശരത്ത് റ്റി.ആർ. 9 A

ഒഴുകുന്ന വഴിയിൽ കാണുന്ന എന്തിനോടും "പോരുന്നോ എൻെറ കൂടെ", എന്ന് ചോദിക്കുവാൻ പോലും മിനക്കെടാതെ കൂട്ടിക്കൊണ്ടു പോകുന്ന ശീലമാണ് ജലത്തിന് ഉള്ളത്.!.വഴിയിലുള്ള ധാതുക്കൾ, പോഷകങ്ങൾ,രാസവസ്തുക്കൾ തുടങ്ങി എന്തിനെയും അത് കൂടെ കൂട്ടും. വെള്ളത്തിൻെറ ഈ ഇന്ദ്രജാലമാണ് ഭൂമിയിൽ ജീവൻ നിലനിർത്തുന്നത് തന്നെ.

മുകളിലേയ്ക്ക് വലിഞ്ഞുകയറാനുള്ള കഴിവാണ് വെള്ളത്തിൻെറ വലിയൊരു പ്രത്യേകത. ഒരു ഗ്ലാസ് ട്യൂബിൽ വെള്ളമെടുത്താൽ അതിന്റെ തന്മാത്രകളുമായി ഒട്ടിപ്പിടിച്ച് സാവധാനം മുകളിലേക്കുയരുന്നതു കാണാം. ആ വലിവിൽ തൊട്ടുതാഴെയുള്ള വെള്ളം മുകളിലക്ക് കയറിക്കൊണ്ടിരിക്കും. വെള്ളത്തിന്റെ ഈ പ്രത്യേകത 'കേശികത്വം' അഥവാ കാപ്പിലാരിറ്റി (capillarity) എന്നറിയപ്പെടുന്നു.

വെള്ളത്തിന് ഇങ്ങനെയൊരു കഴിവില്ലെങ്കിൽ ഭൂമിയിൽ ജീവന് നിലനിൽക്കാൻ കഴിയുമായിരുന്നില്ല. കാരണം, ചെടികൾക്ക് മണ്ണിൽ നിന്ന് ആഹാരം വലിച്ചെടുക്കാനും രക്തത്തിന് നമ്മുടെ ശരിരത്തിൽ എല്ലായിടുത്തും എത്തിച്ചേരാനും കഴിയുന്നത് ജലത്തിന്റെ ഈ പ്രത്യേകത മൂലമാണ്. വേഷം മാറാൻ ബഹുമിടുക്കനാണ് വെള്ളം. മൂന്നു "റോളു"കൾ സ്വീകരിക്കാൻ വെള്ളത്തിനാകും. ഖരം, ദ്രാവകം, വാതകം എന്നിവയാണ് വെള്ളത്തിന്റെ ആ മൂന്നു വ്യത്യസ്ത വേഷങ്ങൾ. ഹൈഡ്രജൻ,ഓക്സിജൻ തന്മാത്രകൾ തമ്മിലുള്ള അകലം ഈ മൂന്ന് രൂപങ്ങളിലും വ്യത്യസ്തമായിരിക്കും.

ഭൂമിയിലെ കാലാവസ്ഥ, ഭൂപ്രകൃതി എന്നിവയെ ജീവൻ അനുകൂലമായ തരത്തിൽ ഒരുക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നത് ജലമാണ്. വെള്ളം ഇല്ലെങ്കിൽ ഭൂമിയിൽ ജീവനും ഇല്ല.

# ഗണിതകവിത

ജിബിൻ 9 C

## ഹരണം

ഹാര്യത്തെ  ഹാരകം കൊണ്ട്
ഹരിക്കുന്നൊരു  വേളയിൽ
ഹാരകം വ്യുൽക്രമമായി
ഹാര്യത്തെ ഗുണിക്കണം
സംഖ്യയിൽ അംശഛേദങ്ങൾ
അന്യോന്യം മാറിയാൽ അത്
സംഖ്യതൻ  വ്യുൽ ക്രമമായി
മാറിടും എന്നതോർക്കണം

## വ്യവകലനം

ചിഹ്ന  സംഖ്യയിൽ  രണ്ടെണ്ണം
കുറിച്ചിടുന്ന വേളയിൽ
കുറയ്ക്കേണ്ട സംഖ്യയേതെ
ന്നാദ്യമായ് കണ്ടു വെക്കേണം
പിന്നീടതിന്റെ ചിഹ്നത്തെ
മാറ്റണം വിപരീതമായ്
കൂട്ടണം ശേഷമതിനെ
ആദ്യത്തേതിനോടുമേ

# എല്ലാം എനിയ്ക്കെന്റെ അമ്മ

ആഷ്മി സാജു X B

എല്ലാം എനിയ്ക്കെന്റെ അമ്മ
എനിക്കു ജീവൻ തന്നൊരമ്മ
സ്നേഹം നൽകുന്നൊരമ്മ
എനിക്കായ് സഹിക്കുന്നൊരമ്മ
എന്റെ ജീവന്റെ ജീവനാണമ്മ
കാവൽ മാലാഖയാണമ്മ
കൺമണി പോലെൻ അമ്മ
ഞാൻ കരഞ്ഞാൽ ഓടിയെത്തും
എൻ അമ്മ !!!!
സ്നേഹം നൽകിടും അമ്മ
മാറോട് ചേർത്തിടും അമ്മ
എന്നും എന്നോടു കൂടിയുണ്ടമ്മ.
എനിയ്ക്കായ് ജീവൻ നല്കിടും അമ്മ
തിരുക്കുടുംബത്തിലെ മാതാവിനു തുല്യം
എൻ സന്തോഷത്തിനു കാരണമമ്മ
എല്ലാം എനിയ്ക്കെന്റെ അമ്മ
എനിക്കു ജീവൻ തന്നൊരമ്മ

കഥ

# കിട്ടൻ വണ്ടും ചിലന്തി വീടും

ലിയ ബ്ലസൻ 9 C

ഒരിടത്ത് ഒരു മരക്കൊമ്പിൽ കിട്ടൻ വണ്ട് താമസിച്ചിരുന്നു. അവൻ എപ്പോഴും കളിയാക്കുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം
മരക്കൊമ്പിലേക്ക് പുതിയ തമാസക്കാരനെത്തി. മല്ലൻ ചിലന്തി. വന്നപാടെ മരക്കൊമ്പിൽ കൂടുകൂട്ടാൻ തുടങ്ങി. അപ്പോൾ മൂളിപറന്നു കൊണ്ട് കിട്ടൻ വണ്ട് വന്നപാടെ അവനെ കളിയാക്കാൻ തുടങ്ങി. 'അയ്യേ'...ഈ പഴഞ്ചൻ വലയാണോ നിന്റെ വീട് ?... മല്ലൻ ചിലന്തി ഇത് ഒന്നും കാര്യമായി എടുക്കാതെ ചിലന്തി പണിതുടർന്നു

കിട്ടൻ വലയ്ക്ക്ച്ചുറ്റും മൂളിപറക്കുന്ന കിട്ടൻ വണ്ട് അറിയാതെ വലയിൽ കുടുങ്ങിപ്പോയി അത്രയുനേരം പമ്മിയിരുന്ന ചിലന്തിയുടെ ഭാവം മാറി വലയ്ക്ക്ച്ചുറ്റും കറങ്ങുന്ന കിട്ടൻ വണ്ടിനു നേരെ പാഞ്ഞൊടുത്തു അപ്പോൾ മാത്രമാണ് ചിലന്തിവലയുടെ കെണി മനസ്സിലായത് കിട്ടനും മല്ലനും തമ്മിലുള്ള മൽപ്പിടിത്തതിനിടയിൽ ഭാഗ്യം .വല പൊടി താഴെ വിണു. ആ തക്കം നോക്കി കിട്ടൻ രക്ഷപ്പെട്ടു അതിനുശേഷം കിട്ടൻ വണ്ട് ആരെയും കളിയാക്കിയിട്ടില്ല.

നമ്മുടെ കാര്യവും ഇതു തന്നെയാണ് നമ്മളും ആരെയും കളിയാക്കരുത്.

കഥ

# ഓലക്കുട



കോരിച്ചൊരിയുന്ന മഴ....... ചിന്നു മുയൽ പുതപ്പിനിടയിൽ ചുരുണ്ടുകൂടി അമ്മയുടെ വിളി കേൾക്കാണ്ടിട്ടല്ല എഴുന്നേല്ക്കുവാൻ മടിയായിട്ടാണ്.

ചിന്നു...... ഇന്ന് സ്കൂൾ തുറന്ന ദിവസമാണ് എഴുന്നേറ്റില്ലെങ്കിൽ എന്റെ കയ്യിൽ നിന്ന്മേടിക്കും. ഇനി എഴുന്നേറ്റില്ലെങ്കിൽ അമ്മയുടെ കയ്യിൽ ഉലക്കയാണെങ്കിൽ അതുവച്ചുകിട്ടും ചിന്നു മുയൽ ചാടി എഴുന്നേറ്റു.

എന്തിനാണ് ഈ സ്കൂളെല്ലാം കണ്ടുപിടിച്ചത് ... പഠിക്കേണ്ടാത്ത, കളിക്കുവാൻ മാത്രമുള്ള ഒരു സ്കൂൾ ഉണ്ടായിരുന്നെങ്കിൽ. അവൾ ലോകത്തുള്ള എല്ലാകുട്ടികളുടെയും ആഗ്രഹം മനസ്സിൽ ഒതുക്കി.

ചിന്നു സ്കൂളിൽ പോകുവാൻ ഒരുങ്ങി. അമ്മ അതാ ഒരു കുടയുമായി വരുന്നു. ഒരു ആഴ്ച മുൻപ് അമ്മ പനയോലവെട്ടി നിറങ്ങൾ പൂശിയ കണ്ണഞ്ചിപ്പിക്കുന്ന ഒരു ഓലക്കുട. അവൾ അമ്മയെ കെട്ടിപ്പിടിച്ച് ഒരു ചൂടുമ്മകൊടുത്തു. അവൾ പോകും വഴി ഒരു ആൾക്കൂട്ടം കണ്ടു. അതെ കിട്ടൻകടുവ പ്രസംഗിക്കുന്നു. കാട്ടിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുകയാണ് അമറൻ സിംഹത്തിന്റെ ക്രൂരഭരണത്തെ തടയാനുള്ള ശ്രമമാണ്.

ചിന്നു മുയൽ സ്കൂളിൽ എത്തിയതും കൂട്ടുകാരെല്ലാം വിശേഷങ്ങൾ പങ്കുവയ്ക്കുകയാണ് നീർക്കോലി പല്ലി. ഒരു അപകടത്തിൽനിന്ന് രക്ഷപ്പെട്ടതാണത്രെ. പല്ലി ഇന്ന് സ്കൂളിലേക്ക് വരുന്നേരം ഒരു മരക്കൊമ്പ് വീണത് പല്ലിക്കുഞ്ഞിന്റെ വാലിൽ. അവൻ വാലുമുറിച്ച് രക്ഷപ്പെട്ടു. അവന്റെ ഒരു ധൈര്യം. ഞാൻ ആണെങ്കിൽ എന്റെ വാലിനെ ഒന്ന് നോവിക്കാൻ പോലും മനസ്സ്കണിക്കുകയില്ല. ചിന്നു മുയൽ വാലിനെ തലോടി.

ഇതിലും രസം ചുണ്ടൻ എലിയുടെ അവസ്ഥയാണ്. ഇന്ന് മൂട് മാന്തി മാന്തി എത്തിയത് മുള്ളൻ പന്നിയുടെ മാളത്തിൽ. കപ്പയാണെന്ന് കരുതി കടിച്ചത് മുള്ളൻ പന്നിയുടെ മൂക്കിൽ. ഇനിയല്ലേ പൊടിപൂരം. എലിയുടെ ദേഹം മുള്ള്കൊണ്ട് നിറഞ്ഞു പിന്നെ പച്ച മരുന്ന്തേച്ച് മുറിവ് ഉണക്കി. പെട്ടന്ന് ചിന്നു മുയലിന്റെ ഓലക്കുട കണ്ട് കൂട്ടുകാരെല്ലാം വട്ടംകൂടി.

'ഈ കുട കാണാൻ നല്ല രസമാണ് 'ചിന്നു മുയലിന് ഗമയായി.

ഇത് എന്റെ അമ്മ ഉണ്ടാക്കിതന്നതാണ് എന്റെ അമ്മയ്ക്ക് എന്നെ ഇഷ്ടമാണ് എനിക്ക് എന്റെ അമ്മയെയും.

അവളുടെ ഗമ വർത്തിച്ചുവന്നു. കൂട്ടുകാരെല്ലാവരും ചിന്നുവിന്റെ പാട്ട്കേട്ടിട്ട് എത്രനാളായി എന്നു പറഞ്ഞ് അവളുടെ പാട്ട് കേൾക്കുവാൻ ആഗ്രഹിച്ചു.

അവൾ പാട്ട് പാടാൻ തുടങ്ങി പെട്ടെന്ന് അവൾ ഇരുന്ന ബഞ്ച് മറിഞ്ഞ് മുഖം ഇടിച്ച് വീണു. അഹങ്കാരം പാടില്ല..

കവിത

# മഴ

അഞ്ജന എം.റ്റി. 10 B

ഇടവപ്പാതിയിൽ മാനം കറുത്ത്

വെള്ളനൂൽപോൽപെയ്യും മഴ

മീനച്ചൂടിൽ കുളിരായ് വന്ന്

ഭൂമിയെ തഴുകും കുളിർമഴ

മണ്ണിൽചിന്നിച്ചിതറിട്ടുമൊരു

വെള്ളിക്കിരീടമായ് തോന്നിട്ടും

വർണ്ണങ്ങളായ് പെയ്തീട്ടും

പ്രകൃതിതൻ സ്വന്തം മഴ

പ്രകൃതീനിനക്കാരുതന്നു

മനോഹരമാമിക്കഴിവ്

ആരുപകർന്നുതന്നതാകാമി

പൊൻപ്രഭതുളുകുന്നൊരക്കഴിവ്

പുൽമേടുകളേയും പുഴകളേയും

അലതല്ലും ആഴിയേയും

തഴുകുന്നമഴയേ നീയിന്ന്

ദൈവത്തിൻവരദാനംതന്നെയല്ലോ?..

ലേഖനം

## ശുദ്ധജലത്തിന്റെ ഉറവിടം

ആൻമരിയ ബാബു

ശുദ്ധജലത്തിനു ഒരേയൊരു ഉറവിടമേ ഭൂമിയിലുള്ളൂ. അത് മഴയാണ് . ഹിമാനികളും തടാകങ്ങളും നദികളും ഉറവകളുമെല്ലാം മഴയിൽ നിന്ന് രൂപംകൊണ്ട രണ്ടാം നിര ജലസ്രോതസുകളാണ്. മഴയില്ലെങ്കിൽ ഈ സംഭരണ കേന്ദ്രങ്ങളൊന്നുമില്ലാ. ചുരുക്കിപ്പറഞ്ഞാൽ എന്നെന്നേയ്ക്കും നിലനിൽക്കുന്നതായി നമുക്കുള്ള ഒരേയൊരു ശുദ്ധജലസ്രോതസ്സാണ് മഴ. ആവർത്തിച്ച് ശുദ്ധജലം ലഭ്യമാക്കുന്ന ഭൂമിയിലെ ഒരേയൊരു അദ്ഭുത പ്രതിഭാസം !

ഭൂമിയിൽ ആകെ ലഭ്യമായ വെള്ളം ഏകദേശം 140 കോടി ക്യൂബിക് കിലോലിറ്റർ ആണ്. ഭൂമി ഉണ്ടായ കാലം മുതൽ ഇന്നുവരെ ഈവെള്ളത്തിന്റെ അളവിന് ഒരു കുറവും വന്നിട്ടില്ല! കാരണം, ഈ വെള്ളത്തിനു പോയൊളിക്കാൻ ഒരിടവുമില്ല. മഴയായി മണ്ണിൽ വീഴും, നീരാവിയായി ഉയർന്ന് അന്തരീക്ഷത്തിലെത്തും, വീണ്ടും മഴയായും മഞ്ഞായും പൊഴിയും. ഈ ചക്രം ഇങ്ങനെ കറങ്ങിക്കൊണ്ടേയിരിക്കുകയാണ്. പിന്നെ കുടിവെള്ള ക്ഷാമവും വരൾച്ചയും ഉണ്ടാകുന്നത് എങ്ങനെയാണ് ? മനുഷ്യൻ എന്ന ജിവി പെരുകിയതോടുകൂടി വെള്ളത്തിന്റെ ആവശ്യവും വർധിച്ചു. അതിനനുസരിച്ച് ശുദ്ധജല ലഭ്യത കൂടുന്നില്ല എന്നതാണ് പ്രശ്നം.

ലേഖനം

# പെരിയാർ തന്നെ വലിയവൻ

അനു മാത്യു 9 A

കേരളത്തിലെ ഏറ്റവും ജലസമൃദ്ധിയുള്ളതും നിളം കൂടിയതുമായ പെരിയാറിന്റെ നിളം 244 കിലോമീറ്ററാണ് പുരാതനകാലത്ത് ചൂർണി എന്ന പേരിലറിയപ്പെടിരുന്ന ഈ നദിതന്നെയാണ് വൈദ്യുതോത്പാദ-ന സാധ്യതകളിലും മുന്നിൽനിൽക്കുന്നത് . ഇടുക്കി, എറണാക്കുളം ജില്ലകളിലൂടെ പ്രവഹിക്കുന്ന നദിയുടെ ഉത്ഭവം 1830 മിറ്റർ ഉയരത്തിലുള്ള ശിവഗിരി മലകളിൽനിന്നാണ് .5398 ച.കി.മി. വിസ്തൃതിയുള്ള തടപ്രദേശത്തിന്റെ 144 ച.കി.മി. തമിഴ് നാട്ടിലാണ്. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക,സാംസ്കരിക ചരിത്രത്തിൽ വളരെയേറെ സ്വാധിനം ചെലുത്തിയിട്ടുള്ള ഒരു നദിയാണ് പെരിയാർ പെരിയാറിലെ ഇടുക്കി അണക്കെട്ട് കുറവൻ - കുറത്തി മലകളെ യോജിപ്പിച്ചുകൊണ്ടു നിർമ്മിച്ചതാണ് : ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ആർച്ച് ഡാമും ഉയരത്തിലെ ഇന്ത്യയിലെ രണ്ടാംസ്ഥാനവും ഈ അണക്കെട്ടിനാണ് ...

**പങ്കിടുക**

## അപർണമോൾ സി.എ.

അവൻ ഉറങ്ങാൻ കിടന്നു.അവനുറക്കം വന്നില്ല. അവന്റെ കാതുകളിൽ യേശുപറഞ്ഞ വാക്കുകൾ മുഴങ്ങിക്കൊണ്ടേയിരുന്നു: " നിങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവർക്കായി പങ്കുവെയ്ക്കുവിൻ". എല്ലാം ഓർത്തുകൊണ്ട് അവൻ ഉറങ്ങി നേരം വെളുത്തപ്പോൾ അവൻ എഴുന്നേറ്റ് അടുക്കളയിലേയ്ക്ക് ചെന്നു അമ്മ അവിടെ പാചകം ചെയ്യുകയ്യുകയായിരുന്നു അവനെക്കണ്ടോണ്ട്അമ്മ പറഞ്ഞു "നീ പള്ളിയിൽ പോകു. ഇന്ന് ഞായറാഴ്ചയല്ലേ?" അവൻ മറുപടി പറഞ്ഞു: “ഞാൻ ഈശോയുടെ അടുത്ത്പോയിട്ട് പള്ളിയിൽ പൊയ്ക്കോളാം". അമ്മ അവന്റെ കൈയ്യിൽ ഒരു പൊതി വച്ചു കൊടുത്തു.”മകനേ നിനക്കു വിശക്കുമ്പോൾ നീ ഇത് കഴിച്ചോളൂ". ശരിയമ്മേ, അവൻ വീട്ടിൽ നിന്ന് ഇറങ്ങി.

അപ്പോൾ അതു വഴി ഒരാൾ കടന്നു പോയി.അവൻ അയാളോട് ചോദിച്ചു:"നിങ്ങൾ എവിടെ പോകുന്നു?". ഞാൻ യേശുവിന്റെ അടുത്തേയ്ക്ക് പോകുന്നു .ഞാനും നിങ്ങളോടൊപ്പം വരുന്നു.അങ്ങനെ അവർ ഇരുവരും കൂടി യേശുവിന്റെ അടുക്കലെത്തി . അവൻ പുൽത്തകിടിയിൽ ഇരുന്നു അവിടെ യേശു വന്നു പ്രസംഗിക്കാൻ തുടങ്ങി നിങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവർക്ക് പങ്കുവയ്ക്കുവിൻ നിങ്ങൾ മറ്റുള്ളവരോട് ക്ഷമിക്കുവിൻ.....

നേരം വൈകിയതൊന്നും അവർ അറിഞ്ഞതേയില്ല. യേശു

കുറേ നേരം കഴിഞ്ഞപ്പോൾ യേശുവിൻെറ ശിഷ്യന്മാരോട് "അവർക്ക് ഭക്ഷണം കൊടുക്കുവിൻ "എന്നു പറഞ്ഞു. എല്ലാവരും വിസ്മയിച്ചു നിൽക്കേ അന്ത്രയോസ് പറഞ്ഞു "ഇവിടെ ഒരു ബാലൻെറ കൈയ്യിൽ അഞ്ചപ്പവും രണ്ട് മീനും ഉണ്ട്." യേശു പ്രതിവചിച്ചു :"അത് ഇവിടെ കൊണ്ടു വരു". അന്ത്രയോസ് അവ യേശുവിൻെറ കൈയ്യിൽ കൊടുത്തു.

യേശു അത് ആശീർവദിച്ചു മുറിച്ച് ജനങ്ങൾക്ക് വിളമ്പി .അമ്പതിനായിരം സ്ത്രീകളും പുരുഷന്മാരും കുട്ടികളും അവ ഭക്ഷിച്ചു തൃപ്തിയടഞ്ഞു പിന്നീട് ബാക്കി വന്നവ പന്ത്രണ്ട്കുട്ട നിറയെ ശേഖരിച്ചു.

പ്രിയ കൂട്ടുകാരേ , നിങ്ങൾ നിങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവർക്ക് പങ്കുവയ്ക്കുവിൻ. യേശുവിൻെറ കൈകളിൽ ഏൽപിച്ച് അവ ഭംഗിയാക്കുവിൻ .ഫലമണിയിക്കുവിൻ..........

# ഇടവപ്പാതികൾ

ലക്ഷ്മി ജിജി

അന്നും മഴയായിരുന്നു.കോരിച്ചൊരിയുന്ന ഇടപ്പാതിയിലെ ഒരു ഇരുണ്ട സായന്തനം.വീട് വിട്ടിറങ്ങിയിട്ട് രാവും പകലും രണ്ടു പിന്നിട്ടിരിക്കുന്നു.ആർക്കും ആരെയും ശ്രദ്ധിക്കാൻ സമയമില്ലാത്ത ജീവിതയാത്ര......

"അല്ല...ആരെങ്കിലും ശ്രദ്ധിക്കാനുണ്ടായിരുന്നുവെങ്കിൽ യാതനകളുടെ തടവറയിൽ തന്റെ ബാല്യം വീണുടഞ്ഞു പോവില്ലായിരുന്നു...."

കത്തിക്കാളുന്ന വിശപ്പിൽ...ഏകാന്തതയുടെ നൊമ്പരച്ചുഴികളിൽ...ദൈന്യതയുടെ പെരുമഴക്കാലം പെയ്തിറങ്ങി....പഴകിപ്പൊളിഞ്ഞ പീടികത്തിണ്ണയിൽ കാൽമുട്ടിനിടയിൽ മുഖം തിരുകി ചളിപുരണ്ട നിലത്തമർന്നിരുന്നു.

"ഇല്ല, തന്നെ തിരക്കിയിനി ആരും വരില്ല.ആരും..."

കാതുകളിൽ മഴ പെരുമ്പറ കൊട്ടുന്നു.വീശിയടിച്ച കാറ്റിൽ ഇറവെള്ളം പീടികത്തിണ്ണയിലേക്ക് കുതിച്ചെത്തി...കവിളിൽ കണ്ണീരുപ്പ് ഒലിച്ചിറങ്ങി..

"ടാ, ചെക്കാ..."

ഒരു കനത്ത ശബ്ദം.മുഖമുയർത്തിയില്ല.ഓർമ്മകളുടെ പ്രളയത്തിൽ കണ്ണും കാതും മനസ്സും തളർന്നിരിക്കുന്നു.

"നീ പൊട്ടനാണോടാ ?ചെവി കേട്ടൂടെ...?"

ഞെട്ടിപിടഞ്ഞെണീറ്റു.മുഷിഞ്ഞ കുപ്പായം കൊണ്ട് മുഖം തുടച്ചു.

"നീ കരയുവാ ? ഉം...എണീക്ക്...നടക്ക്..."

ആൾ പീടികത്തിണ്ണയിൽ നിന്നിറങ്ങി.രണ്ട് ചുവടു വച്ചു.താനവിടെത്തന്നെ നിന്നു;എന്തു ചെയ്യണമെന്നറിയാതെ.

"ആ...നീ വരുന്നില്ലെങ്കിൽ വേണ്ട.ഞാൻ പോണു."

മെല്ലെ പിൻതുടർന്നു എവിടേക്കെന്നറിയില്ല.എങ്കിലും ഉള്ളിൽ സന്തോഷത്തിന്റെ കുളിരു പെയ്തു.

"വേഗം നടക്ക്.ഇരുട്ടും മുൻപ് വീട്ടിലെത്തണം."

ചെരുപ്പിടാത്ത പാദങ്ങൾ ചേറ് മണ്ണിൽ ഉറപ്പിച്ച് ചവിട്ടിഅവൻ നടന്നു.തന്നേക്കാൾ രണ്ടു മൂന്നു വയസ്സ് മൂപ്പുണ്ടാകും. അങ്ങിങ്ങ് കീറിഅയഞ്ഞുതൂങ്ങിയ ബനിയനും നിറം മങ്ങിയ ട്രൗസറും.ഒരു രക്ഷകർത്താവിനേ പോലെ അവന്റെ ശബ്ദം കാർക്കശ്യമുള്ളതായി തോന്നി.അനുസരണയുള്ള ഒരാട്ടിൻകുട്ടിയേപ്പോലെ താൻ പിന്നാലെ നടന്നു.

നീണ്ട മൗനത്തിനൊടുവിൽ താൻ വിളിച്ചു:"അണ്ണാ..."

അവൻ നിന്നു. മെല്ലെ തിരിഞ്ഞുനോക്കി.

"ഏത് ?"

"അ...അണ്ണൻ..."

"ങ്ഉം.. എന്താടാ ചെക്കാ ?"

"അണ്ണന് അമ്മയുണ്ടോ ?"

"ങ്ഉം.."

ഒരു മറുവാക്ക് പ്രതീക്ഷിച്ചു.വീട്..അഛൻ..അമ്മ..ഒക്കെ ചോദിക്കുമെന്ന്.ഒന്നുമുണ്ടായില്ല.ഒരുപക്ഷെ ഇതായിരിക്കും സ്വഭാവം.

ഇടക്കുവെച്ച് ഒരു കൈവരി കടന്ന് ചതുപ്പിലൂടെ അണ്ണൻ നടന്നു.ആ ചതുപ്പിന്റെ തെക്കേയറ്റത്ത് ഒതുക്കമുള്ള കല്ലുകൾ കയറി ചെറിയൊരു വീടിന്റെ മുറ്റത്തു ചെന്നു.. മൺഭിത്തി അങ്ങിങ്ങ് പൊട്ടിയടർന്നിരിക്കുന്നു.അടപ്പില്ലാത്ത ജനാലപ്പടിയിൽ പേക്കോലം തിരിഞ്ഞ രണ്ടു പൂച്ചക്കുട്ടികൾ കണ്ണുമിഴിച്ചിരിക്കുന്നു.വരാന്തയിൽ വിരിച്ച ചാക്കിൽ കിടക്കുന്ന എല്ലുന്തിയ പട്ടി തന്റെ നേരെ കുരച്ചു.അണ്ണൻ അതിന്റെ നേരെ വിരൽ ചൂണ്ടി.അത് കുര നിർത്തി കണ്ണുകളടച്ചു കിടന്നു.

"ങാ..നീയിവിടെയിരിക്ക്.ഞാനിപ്പോൾ വരാം"

"നീ വന്നോ..? നേരമിരുട്ടി.മഴ നനഞ്ഞ് നിന്നോ.ഇങ്ങനെ ചൊല്ലുവിളിയില്ലാത്തൊരു ചെറുക്കൻ..വല്ല പനിയും പിടിച്ചാൽ കാണാം.."

അകത്തൊരു സ്ത്രീയുടെ പരിഭവം പറച്ചിൽ.

"അമ്മേ, അതുപിന്നെ, എന്റൊപ്പം ഒരു ചെക്കനുണ്ട്."

"നീയെന്താ എന്റെ അപ്പൂ ഈ പറയുന്നത് ? ആരുടെ കാര്യമാ ?"

"ആ...എനിക്കറിയില്ല.രണ്ടു മൂന്നു ദിവസമായി ആ പീടികത്തിണ്ണയിൽ നനഞ്ഞു വിറച്ചിരിക്കുന്നു.പാവം തോന്നി.ഞാൻ കൂട്ടിക്കൊണ്ടു പോന്നു."

"നിന്റെ അഛനും ഇതായിരുന്നു സ്വഭാവം.എന്നിട്ടെന്തായി ? ആർക്കാനും വേണ്ടി തല്ലുക്കൊണ്ടു മരിച്ചില്ലേ ?"

"ഇതങ്ങനല്ലമ്മേ."

"നീയെന്തറിഞ്ഞിട്ടാ എന്റപ്പൂ ഈ പറയുന്നത് ? ഈ കുടുംബം എങ്ങനാ കഴിയുന്നതെന്ന് നിനക്കറിയ്യോ ? ഈ പ്രാരാബ്ധങ്ങൾക്കിടയിൽ...എനിക്കു വയ്യ...അവനെ പറഞ്ഞുവിട്ടേക്കു.."

"അമ്മേ ഈ ഇരുട്ടത്ത്..?"

അവൻ മുറ്റത്തേക്കു വന്നു. ഒതുക്കുകല്ലിറങ്ങി ഇരുളിലേക്ക് മറയുന്ന രൂപം നോക്കി ഒരു നിമിഷം നിന്നു.ഒറ്റ കുതിപ്പിന് പിറകിലെത്തി.

"ടാ ചെക്കാ, നീയെവിടെ പോവുന്നു ?"

ഒന്നും മിണ്ടിയില്ല.മങ്ങിയ വെളിച്ചത്തിൽ രണ്ടു രൂപങ്ങൾ കണ്ണിൽക്കണ്ണിൽ

നോക്കിനിന്നു.

"നീയെല്ലാം കേട്ടുവല്ലേ ?സാരമില്ല.അമ്മ പാവമാണ്.നീ വരു...നിന്റെ അണ്ണനാണ് വിളിക്കുന്നത്."

ജന്മാന്തര ബന്ധത്തിന്റെ ആർദ്രത മനസ്സിൽ നിറഞ്ഞു.ഇടവപ്പാതിയുടെ കുളിരിൽ അണ്ണൻ തന്റെ മെല്ലിച്ച കൈവിരലുകളിൽ പിടിച്ചു.ആ കൈകളുടെ ചൂടും ദൃഢതയും... പിന്നങ്ങോട്ട്...തനിക്ക് താങ്ങും തണലുമായി...

മദ്യപിച്ചെത്തുന്ന അച്ഛന്റെ മർദ്ദനങ്ങളും ശകാരവും, ചിറ്റമ്മയുടെ വഴക്കും പീഢനങ്ങളും,പണിചെയ്തു തകർന്ന പകലുകളും,അത്താഴപ്പട്ടിണിയുടെ രാത്രികളുമെല്ലാം മെല്ലെ മെല്ലെ മറന്നു തുടങ്ങി.പട്ടിണിക്കും പരിവട്ടത്തിനുമിടയിൽ അമ്മക്കും അണ്ണനും താൻ ഉണ്ണിയായി.

"അമ്മേ, ഞാൻ പഠിപ്പു നിർത്തുന്നു.ഞാനും നാളെത്തൊട്ട് പണിക്കുവരാം."

മണ്ണെണ്ണവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ അത്താഴം വിളമ്പുന്നതിനിടയിൽ അമ്മ തിരിഞ്ഞുനോക്കി.

എന്താ അപ്പൂ..രണ്ടാളും പഠിപ്പു നിർത്തണ്ട.അമ്മ ഇത്തിരി കഷ്ടപ്പെട്ടാലും സാരമില്ല.

"അതല്ല അമ്മേ, എന്തായാലും ഞാൻ പഠിക്കാൻ മോശമല്ലേ.നമുക്ക് ഉണ്ണിയെ പഠിപ്പിക്കാം.അവൻ നന്നായി പഠിക്കുന്നുണ്ടല്ലോ.അവനൊരു ജോലിക്കാരനായാൽ നമ്മുടെ ഈ കഷ്ടപ്പാടൊക്കെ മാറും."

എന്നും അവസാനവാക്ക് അണ്ണന്റേതാണ്.ഇടവപ്പാതികൾ പിന്നെയും വന്നുകൊണ്ടേയിരുന്നു.

താമരക്കുളത്തിലെ ചേറിലിറങ്ങി വിടർന്ന പൂക്കൾ പറിച്ച് അണ്ണൻ തന്റെ കൈയിൽ തരും. താമരപ്പൂ പോലെ വിടർന്ന ചിരിയോടെ നിറുകയിൽ ഒരു ചുടുചുംബനവും..

"ഉണ്ണീ, ഇന്നു നിന്നെയെനിക്ക് കിട്ടിയ ദിവസമാണ്. ഹാപ്പി ബർത്ത്ഡേ..

അണ്ണാ..."

ഇടവപ്പാതിയുടെ ചില്ലകളിൽ മഞ്ഞും വസന്തവും തളിർക്കുകയും കൊഴിയുകയും ചെയ്തു.

മൂന്നു ദിവസം നീണ്ടു നിന്ന ഇടവപ്പാതിയുടെ തോരാപ്പെയ്ത്തിൽ അന്ന്...അന്നാണ് പ്രിയപ്പെട്ട അണ്ണനെ തനിക്ക് എന്നെന്നേക്കുമായി...ഒരു വിധത്തിലും പുറത്തിറങ്ങാൻ പറ്റാത്ത മൂന്നു ദിവസങ്ങൾ...

"ഉണ്ണീ, ഇന്നു നീ സ്കൂളിൽ പോകണം.പത്താം ..പഠിപ്പു മുടക്കണ്ട."

പുസ്തകം മാറോട് ചേർത്ത് കുട നിവർത്തിയിറങ്ങുമ്പോൾ അണ്ണൻ ഒപ്പം വന്നു.തെങ്ങിൻ തടിപ്പാലം കടക്കുമ്പോൾ അണ്ണൻ പറഞ്ഞു:

"പാലത്തടി ദ്രവിച്ചു തുടങ്ങി.സൂക്ഷിക്കണം."

മറുകരയെത്തി തിരിഞ്ഞുനോക്കി കൈവീശി.

"വൈകുന്നേരം ഞാനിവിടെ കണ്ടേക്കാം."

സ്നേഹത്തിന്റെ കണ്ണീരുപ്പ് വീണ്ടും കവിളിലൂടെ ഒലിച്ചിറങ്ങി.വൈകുന്നേരം അണ്ണൻ കാത്തുനിന്നിരുന്നു.

"ഉണ്ണീ,നമുക്ക് വേഗം പാലം കടക്കണം.മലയിൽ ഉരുൾ പൊട്ടിയെന്നു കേൾക്കുന്നു."

തന്നെ മുൻപിൽ നടത്തി.കല്ലും മണ്ണും നിറഞ്ഞ ചെളിവെള്ളം നിമിഷാർത്ഥം കൊണ്ട് പാഞ്ഞെത്തി.ശക്തമായ തള്ളലിൽ അണ്ണൻ തന്നെ മറുകരയെത്തിച്ചു.

"അണ്ണാ..."

ശബ്ദം തൊണ്ടയിൽ കുടുങ്ങി.മല വെള്ളത്തിനൊപ്പം പൊങ്ങിയും താണും തന്റെ എല്ലാമെല്ലാമായ അണ്ണൻ ഒഴുകിനീങ്ങുന്നു.

"അപ്പൂ... എന്റപ്പൂ..."

അമ്മയുടെ ഹൃദയം പൊട്ടിയുള്ള തേങ്ങലുകൾ...ആശ്വസിപ്പിക്കാൻ വാക്കുകളില്ല. ഇടവപ്പാതിയുടെ ചില്ലകളിൽ പിന്നൊരിക്കലും കുളിരു പെയ്തില്ല;മഞ്ഞും വസന്തവും വിരിഞ്ഞില്ല.

"അണ്ണാ, അണ്ണന്റെ ആഗ്രഹം പോലെ ഉണ്ണി പഠിച്ചു. ജോലിക്കാരനായി. പക്ഷേ, എന്റെ അണ്ണനില്ലല്ലോ..."

ഇടവപ്പാതിയിലെ ഈറനണിഞ്ഞ സായന്തനത്തിൽ കൈവരിയുടെ തെക്കേ അറ്റത്തു നിന്ന് വിടർന്ന ചിരിയോടെ അണ്ണൻ കൈവീശിയോ...?

"ഉണ്ണീ,മറുകരയിൽ ഞാനുണ്ട്."

പ്രളയകാലത്തിന്റെ നൊമ്പരച്ചൂളയിൽ ഇടവപ്പാതിയുടെ കുളിർ പെയ്തിറങ്ങി....! ഓർമ്മകളുടെ കണ്ണീരിപ്പ് ഒലിച്ചിറങ്ങിയ കവിളിൽ തഴുകി ഇളം കാറ്റ് വീശിക്കൊണ്ടേയിരുന്നു....!

# കല്ലേൻ പൊക്കുടൻ

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ഗ്രാമത്തിൽ ജനിച്ച കല്ലേൻ പൊക്കുടൻ പ്രശസ്ത പരിസ്ഥിതി സംരക്ഷകനായിരുന്നു. രണ്ടാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള പൊക്കുടൻ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് സ്വജീവിതം നീക്കിവച്ചു. ആയിരക്കണക്കിന് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ച കല്ലേൻ പൊക്കുടൻ സമൂഹത്തിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിന് ഉത്തമമാതൃകയായി.

കവിത

# എന്റെ വിദ്യാലയം

ഗായത്രി 9 C

അമ്മയെന്നാദ്യക്ഷരം മനസ്സിൽ
ഉതിർന്നതും ആദ്യമായ് അക്ഷരം
കുറിച്ചതും ഞാനോർക്കുന്നു
ഓർമ്മയയിലെന്നും മധുരിക്കുന്നു.
വിദ്യാലയ വാതലിൽ ഞാൻ
കണ്ണീർ പൊഴിച്ചതും പുഞ്ചിരി
തൂകിയെൻ ഗുരുനാഥൻ
സാമീപ്യം ആനന്ദദീപം കൊളുത്തി
അക്ഷരം ഞാനെന്തെന്നറിഞ്ഞു
കേവലം പാഠം മാത്രമല്ല
ജീവിത വിദ്യയും ഞാൻ ഗ്രഹിച്ചു
ജീവിത സ്പന്ദനം ഞാനറിഞ്ഞു
കൂട്ടുകാർ തൻ കരം പിടിച്ച്
സ്വപ്നതുല്യമാം എന്നോർമകളിൽ
അന്നത്തെ ഓർമകളിൽ ഞാൻ
ദർശിച്ചു എന്റെ വിദ്യാലയം

കഥ

## കഴുതയുടെ ബുദ്ധി....

ലിയ ബ്ലസൻ 9 C

ഒരിടത്ത് ഒരു കഴുത ഉണ്ടായിരുന്നു .ആ കഴുത ഒരു ദിവസം പൊട്ടക്കുഴിയിൽ വീണു.എന്തുചെയ്യണമെന്നറിയാതെ കഴുത ഉറക്കെ നിലവിളിക്കാൻ തുടങ്ങി.കഴുതയുടെ ഉടമസ്ഥൻ സ്ഥലത്തെത്തി.അയാൾ ചിന്തിച്ചു കഴുതയെ പുറത്തെടുക്കണമെങ്കിൽ കഴുതയുടെ വിലയെക്കാൾ കൂടുതൽ തുക ചെലവാകും. അതുകൊണ്ട് കഴുതയെ മൂടിക്കളയുകയാണ് എളുപ്പമെന്ന് അയാൾ ചിന്തിച്ചു .അയൽവാസികളെയെല്ലാം വിളിച്ചുകൂട്ടി മണ്ണുവാരി കുഴിയിൽ ഇടാൻ തുടങ്ങി .തന്നെ മൂടുകയാണെന്നു മനസ്സിലാക്കിയ കഴുത നിലവിളിക്കാൻ തുടങ്ങി. എല്ലാവരെയും അദ്ഭുതപ്പെടുത്തി. കഴുതയുടെ പ്രവൃത്തികണ്ട് അമ്പരന്നു പോയി. കഴുതയുടെ പുറത്ത് മണ്ണ് വാരി നിറക്കുമ്പോഴും അത് കുടഞ്ഞുകളഞ്ഞ് അതിന്റെപുറത്ത് കയറിനില്ക്കുംകൂടുതൽ മണ്ണ് വിഴുമ്പോഴും കരയിൽ കയറുവാനുള്ള ആഗ്രഹംകൊണ്ട് ശക്തമായികുടഞ്ഞുകളഞ്ഞു.

അവസാനം അതുസംഭവിച്ചു. കഴുത കരയിൽ കുതിച്ചുകയറി..

ഓർക്കുക, ജീവിതം നമ്മുടെ മുൻപിൽ ചെളിവാരിയെറിയുക തന്നെചെയ്യും. അതിൽ നിന്ന് കരകയറുവാൻ ഒരു മാർഗ്ഗമേയുള്ളു പരിഹാസവും വേദനകളും കുടഞ്ഞുകളഞ്ഞ് മുന്നേറുക.ഉള്ളതിനെച്ചൊല്ലി ദൈവത്തിനു നന്ദി പറയുക.

കഥ

# രണ്ടു കൂട്ടുകാർ

വിനീത 9C

ഒരു ഡ്രിൽ പിരീഡ് എല്ലാ കുട്ടികളും പുറത്ത്കളിയാണ്. പനിയായിരുന്നതിനാൽ ജോൺ പുറത്തു പോകാതെ ക്ലാസ്സിൽ തന്നെ ഇരുന്നു. വെറുതെ ഇരുന്നിട്ട് സമയം തീരെ പോകുന്നില്ല. എന്തെങ്കിലും ചെയ്യാൻ ജോൺ തീരുമാനിച്ചു.

അവൻ കണക്ക് ബുക്കിലെ ഹോംവർക്കുകൾ ചെയ്യാൻ തുടങ്ങി.പെട്ടെന്ന് കളിക്കിടെ തെറിച്ച് ക്ലാസ്സിലേയ്ക്ക് വീണ പന്ത് എടുക്കാൻ നീരജ് ക്ലാസ്സിലേയ്ക്ക് ഓടി കയറി.

ഓട്ടത്തിനിടയിൽ അവൻ അറിയാതെ ജോണിൻെറ കൈതട്ടി. കണക്ക് ബുക്കിൽ ഒരു വര വീണു. പെട്ടെന്നുണ്ടായ ദേഷ്യത്തിൽ അവൻ നീരജിനെ തള്ളുകയും ശകാരിക്കുകയും ചെയ്തു

അടിയുടെ വേദനയാൽ നീരജ് പൊട്ടിക്കരഞ്ഞുപ്പോയി പെട്ടെന്ന് ബെല്ലടിച്ചു.നീരജ് കരഞ്ഞുകൊണ്ട് അവൻെറ ക്ലാസ്സിലേയ്ക്ക് പോയി . വൈകുന്നേരമായപ്പോൾ ജോണിന് കുറ്റബോധം തോന്നാൻ തുടങ്ങി.അവൻ നീരജിനു വേണ്ടി ഈശോയോട് പ്രാർത്ഥിച്ചു ."നീരജിനെ വേദനിപ്പിച്ചതിന് ദൈവമേ എന്നോട് ക്ഷമിക്കേണമേ".പിറ്റേന്ന് സ്കൂളിൽ ചെന്നപ്പോൾ ജോൺ നീരജിനോട് മാപ്പ് പറഞ്ഞു .അന്നു മുതൽ അവർ നല്ല കൂട്ടുകാരായി.

## പൊതുവിജ്ഞാനം

1) ഏഷ്യയെയും യൂറോപ്പിനെയും വേർതിരിക്കുന്ന  കടലിടുക്ക് ഏതാണ്?

2)  മാച്ചുപിച്ചു എന്ന ലോകാദ്ഭുതം സ്ഥിതിചെയ്യുന്നത് ഏതു രാജ്യത്താണ്?

3) ആദ്യത്തെ ലോക  ചെസ്സ് ചാമ്പ്യൻ എന്നറിയപ്പെടുന്നത് ആരാണ്?

4)  ജൈവമരുഭൂമി എന്നറിയപ്പെടുന്ന കടൽ ഏതാണ്. ?

5)  പേഴ്സണൽ കമ്പ്യൂട്ടറിന്റെ പിതാവ് ആരാണ്?

6)  തമിഴ്നാട് ഡി.ജി.പിയായ ആദ്യ മലയാളി വനിത   ആരാണ്?

7)  ആയോധനകലകളുടെ മാതാവ് എന്നറിയപ്പെടുന്നത് ആരാണ്

8)തുഷാരഗിരി വെള്ളച്ചാട്ടം ഏതു ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്?

9)മനുഷ്യനിർമ്മിതമായ ആദ്യ മൂലകം ഏതാണ്?

10)   ഏതു സംസ്ഥാനത്തുകൂടിയാണ് നേത്രാവതി നദി   ഒഴുകുന്നത്?

11)   കാറ്റിന്റെ  നഗരം എന്നറിയപ്പെടുന്ന നഗരം ഏതാണ്?

12)   കേരളത്തിലെ ആദ്യ കരകൗശല ഗ്രാമം ഏതാണ്?

13)    ദേശിയ വനിതാകമ്മീഷന്റെ ആദ്യ അധ്യക്ഷ ആരാണ്?

14) ഏറ്റവും സാന്ദ്രത കൂടിയ മൂലകം ഏതാണ്?

15) മൂർത്തിദേവി പുരസ്കാരം നേടുന്ന ആദ്യ മലയാളി ആരാണ്?

## ഉത്തരങ്ങൾ

1) ബോസ്ഫോറസ്

2)പെറു

3)വില്ഹെ സ്റെറനിസ്

4)സർഗാസോ കടൽ

5)ഹെൻട്രി റോബർട്ട്

6)ലതികാശരൺ

7)കളരിപ്പയറ്റ്

8)കോഴിക്കോട്

9)ടെക്നീഷ്യം

10)കർണ്ണാടക

11)ചിക്കാഗോ

12)ഇരിങ്ങൽ(കോഴിക്കോട്)

13)ജയന്തി പട്നായിക്

14)ഓസ്മിയം

15)അക്കിത്തം



# നന്ദി.............